# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാലാ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെറ്റിഎം പി17/198/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 14/03/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പാലാ മുനിസിപ്പാലിറ്റി

സർ,

വിഷയം : പാലാ മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലാ മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നമ്പർ: കെഎസ്എ കെറ്റിഎം പി17/198/22 തീയ്യതി: 14/03/2022

## കോട്ടയം ജില്ലയിലെ പാലാ മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാലാ മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-01-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഷൈജു എസ്. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-01-2022 | 21-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-01-2022 | 21-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായ.ആർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ സജി പി ആർ, ഓഡിറ്റ് ഓഫീസർ
രാജേഷ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി എം , അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി യു സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ എമിൽ റ്റി എബ്രഹാം,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജോഷി തോമസ്, ഓഡിറ്റർ
ശ്രീമതി ജാസ്മിൻ എസ് , ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിജി ജോജോ | ചെയർപേഴ്സൺ | 01-04-2019 | 21-11-2019 |

| | | | |
|---|---|---|---|
| ശ്രീ. കുര്യാക്കോസ് പടവൻ | ചെയർമാൻ | 22-11-2019 | 18-12-2019 |
| ശ്രീമതി മേരി ഡൊമിനിക്ക് | ചെയർപേഴ്സൺ | 19-12-2019 | 31-03-2020 |
| ശ്രീ. എ. നവാസ് | സെക്രട്ടറി | 01-04-2019 | 01-06-2019 |
| ശ്രീ .പങ്കജാക്ഷൻ എസ് കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-06-2019 | 24-09-2019 |
| ശ്രീ. അജു ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-09-2019 | 01-11-2019 |
| ശ്രീ .മുഹമ്മദ് ഹുവൈസ് എം | സെക്രട്ടറി | 02-11-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ലളിതാകുമാരി ജെ | കൃഷി ഫീൽഡ് ഓഫീസർ | 01-04-2019 | 30-09-2019 |
| ശ്രീമതി.ഷൈനി വി എസ് | കൃഷി ഫീൽഡ് ഓഫീസർ(ചാർജ്) | 01-10-2019 | 04-10-2019 |
| ശ്രീ .റെജിമോൻ എം | കൃഷി ഫീൽഡ് ഓഫീസർ | 05-10-2019 | 31-03-2020 |
| ശ്രീ. അജു ബി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. സുദീപ് എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 18-07-2019 |
| ശ്രീ .എസ് രാജേന്ദ്രൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 22-07-2019 | 31-03-2020 |
| ശ്രീമതി സുധാകുമാരി ആർ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2019 | 24-07-2019 |
| ശ്രീ .നാസർ സി എ | ഹെൽത്ത് സൂപ്പർവൈസർ(ചാർജ്) | 25-07-2019 | 24-09-2019 |
| ശ്രീ .എം കെ മുകുന്ദൻ | ഹെൽത്ത് സൂപ്പർവൈസർ | 25-09-2019 | 31-03-2020 |
| ഡോ. ശ്രീലത എസ്. | ചീഫ് മെഡിക്കൽ ഓഫീസർ ,ആയുർവേദ | 01-04-2019 | 31-03-2020 |
| ഡോ. .വി എം ശശിധരൻ | ചീഫ് മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ. സുജ വി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി സബീനാ ബീവി എ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ. അഞ്ചു സി മാത്യു | സൂപ്രണ്ട്, ഗവ, ഹോസ്പിറ്റൽ | 01-04-2019 | 31-03-2020 |

02/06/19 മുതൽ 21/06/19 വരെ സെക്രട്ടറി തസ്തിക ഒഴിവ് 19/07/19 മുതൽ 29/07/19 വരെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ഒഴിവ് ശ്രീ. കുര്യാക്കോസ് പടവൻ 22/11/19 മുതൽ 18/12/19 വരെ ചെയർമാൻ ഇൻ ചാർജ്

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Emil T Abraham (Senior Grade Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-02-2022) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Joshy Thomas (Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Joshy Thomas (Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-02-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Joshy Thomas (Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-02-2022) | 1-4 |
| 5 | പദ്ധതിഅവലോകനം<br>Written By: Maya R (Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 14-03-2022) | 1-5 |
| 6 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി<br>Written By: Emil T Abraham (Senior Grade Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-02-2022) | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ<br>Written By: Emil T Abraham (Senior Grade Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-02-2022) | 1-7 |
| 8 | കാഷ് വേരിഫിക്കേഷൻ<br>Written By: Joshy Thomas (Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 14-03-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണസംവിധാനം<br>Written By: Maya R (Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-02-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Joshy Thomas (Auditor, On 14-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-02-2022) | 1-10 |
| 11 | ബാങ്ക് റീകൺസിലിയേഷൻ അപാകതകൾ<br>Written By: Joshy Thomas (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 14-03-2022) | 1-11 |
| 12 | നഗരസഭയ്ക്ക് വിട്ടുകിട്ടിയ സ്ഥാപനത്തിന് വസ്തുനികുതി ഈടാക്കുന്നു<br>Written By: Joshy Thomas (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 14-03-2022) | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്<br>Written By: Jasmine (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 14-03-2022) | 1-13 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Jasmine (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-02-2022) | 1-14 |
| 15 | വാടക –ഭീമമായ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.<br>Written By: Emil T Abraham (Senior Grade Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-02-2022) | 1-15 |
| 16 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ ഒഴിഞ്ഞുകിടന്നു - വരുമാന നഷ്ടം<br>Written By: Emil T Abraham (Senior Grade Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 14-03-2022) | 1-16 |
| 17 | നഗരസഭ വക സ്റ്റേഡിയത്തിൽ അനുമതി ഇല്ലാതെ കായിക മേള -നടപടി എടുത്തില്ല<br>Written By: Emil T Abraham (Senior Grade Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 14-03-2022) | 1-17 |
| 18 | വൗച്ചറുകളുടെ സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Ambili.U (Senior Grade Auditor, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-02-2022) | 1-18 |
| 19 | പ്രവൃത്തി പൂർത്തീകരണ വിവരം/ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |

| | | |
|---|---|---|
| | Written By: Ambily M (Asst. Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-02-2022) | |
| 20 | തെരുവ് വിളക്കുകളുടെ എഎംസി - നിലവിലെ രീതിയിൽ എഎംസി കണക്കാക്കുന്നത് തനത് ഫണ്ടിന് വൻ നഷ്ടം വരുത്തുന്നു.<br>Written By: Ambily M (Asst. Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-02-2022) | 1-20 |
| 21 | വാട്ടർ ടാപ്പുകളുടെ വെള്ളക്കരം - ഉപയോഗശൂന്യമായ ടാപ്പുകളുടെ വാട്ടർ ചാർജ് അടവാക്കുന്നു<br>Written By: Ambily M (Asst. Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-02-2022) | 1-21 |
| 22 | തനത് ഫണ്ടിൽ നിന്ന് അനുവദിച്ച മുൻകൂറുകൾ ക്രമീകരിക്കണം<br>Written By: Ambily M (Asst. Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-02-2022) | 1-22 |
| 23 | നിരീക്ഷണക്യാമറകൾ പ്രവർത്തനരഹിതം-കരാറുകാരന് അധികം തുക നൽകി<br>Written By: Maya R (Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 14-03-2022) | 1-23 |
| 24 | സ്പോർട്സ് ഉപകരണങ്ങൾ വാങ്ങൽ- ടെൻഡർ അംഗീകരിച്ച പ്രൊജക്റ്റ് നടപ്പാക്കാതെ ഉപേക്ഷിച്ചു<br>Written By: Maya R (Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 22-02-2022) | 1-24 |
| 25 | എബിസി പ്രോഗ്രാം- വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല<br>Written By: Maya R (Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 14-03-2022) | 1-25 |
| 26 | കന്നുകുട്ടി പരിപാലനപദ്ധതി - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Ambili.U (Senior Grade Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 14-03-2022) | 1-26 |
| 27 | അനുമതി ഇല്ലാതെ എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി ചെയ്ത പ്രവൃത്തിക്ക് തുക നല്കി<br>Written By: Rajesh M (Asst. Audit Officer, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 14-03-2022) | 1-27 |
| 28 | നിയമാനുസൃതമുള്ള പിഴ തുക ഈടാക്കിയില്ല<br>Written By: Rajesh M (Asst. Audit Officer, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 14-03-2022) | 1-28 |
| 29 | ഡെപ്പോസിറ്റ് വർക്കിനായി ചെലവഴിച്ച തുകകളുടെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 24-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-02-2022) | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | നിരീക്ഷണ ക്യാമറകൾ പ്രവർത്തന രഹിതം-കരാറുകാരന് അധികം തുക നൽകി<br>Written By: Anju P Natarajan (Computer Assistant, On 24-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 14-03-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിശദാംശങ്ങൾ<br>Written By: Joshy Thomas (Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-02-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ വിവരം<br>Written By: Joshy Thomas (Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-02-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനായി ചെലവഴിച്ച തുകകളുടെ വിവരം.<br>Written By: Joshy Thomas (Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം .<br>Written By: Joshy Thomas (Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-02-2022) | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ്<br>Written By: Joshy Thomas (Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 14-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Joshy Thomas (Auditor, On 13-01-2022) | 4-6 |

| | | |
|---|---|---|
| | Last Updated By: Anju P Natarajan (Computer Assistant, On 24-02-2022) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Joshy Thomas (Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-02-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Joshy Thomas (Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-02-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Joshy Thomas (Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Joshy Thomas (Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 14-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Joshy Thomas (Auditor, On 13-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 24-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്-വിശകലനം

2019-20 വർഷത്തെ ബജറ്റ് നഗരസഭാകൗൺസിലിന്റെ 05/03/2020 ലെ 1(1)-ാം നം. തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 16/03/2020 ലെ 1(1)-ാം നം. തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | പുതുക്കിയത് | R&P പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 68254986 | 75996444 | 39267653.53 |
| വരവ് | 504652507 | 302867299 | 164446769 |
| ആകെ | 572907493 | 378863743 | 203714422.53 |
| ചെലവ് | 526837418 | 279726197 | 184098842 |
| നീക്കിയിരിപ്പ് | 46070075 | 99137546 | 19615580.53 |

ബജറ്റ് പ്രകാരം 50.46 കോടി രൂപയുടെ പ്രതീക്ഷിത വരവും 52.68 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. നഗരസഭയുടെ 2019-20 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 16.16 കോടി രൂപയും ചെലവ് 15.98 കോടി രൂപയുമാണ്. യഥാർത്ഥ വരുമാന-ചെലവ് കണക്കുകളുടെ 3 ഇരട്ടിയോളമാണ് ബജറ്റിൽ കണക്കാക്കിയത്. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ-286 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. സെക്ഷൻ-293 പ്രകാരം ബജറ്റ് അംഗീകരിക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് നഗരസഭ കൗൺസിൽ ഉറപ്പാക്കേണ്ടതാണ്.

### 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

നഗരസഭാ കൗൺസിലിന്റെ 25-8-20-ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2019-20ലെ വാർഷികകധനകാര്യപത്രിക അംഗീകരിച്ചിട്ടുണ്ട്.
പാലാ നഗരസഭയുടെ 2019-20 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 161623978 രൂപയും ചെലവ് 159889550 രൂപയും തൻവർഷ പ്രവർത്തന മിച്ചം 1734428 രൂപയുമാണ്. 31/03/2020-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 464256799.80 രൂപയും ബാധ്യതകളുടെ മൂല്യം 221083080.27 രൂപയും ജനറൽ ഫണ്ട് 243173719.53 രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. സ.ഉ.(എം.എസ്)152/2011/തസ്വഭവ/26.07.2011ലെ നിർദ്ദേശങ്ങൾ പാലിച്ച് നഗരസഭയുടെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. നഗരസഭ ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2. നഗരസഭയുടെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2020-ലെ ജനറൽ ഫണ്ട് കൃത്യമല്ല.

3. ഡെപ്പോസിറ്റ് രജിസ്റ്റർ യഥാവിധി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി-7 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

4. അടിസ്ഥാന രേഖകളുടെ അഭാവത്തിൽ ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന പെൻഷൻഫണ്ട് ഉൾപ്പെടെയുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

5. തൻവർഷം പാർട്ട് ബിൽ നൽകിയതിന്റെ വിശദാംശം ലഭ്യമാക്കാത്തതിനാൽ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസായി B11 ൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

6.വരവിനങ്ങളുടെ ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ബി-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

7.അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

8. ബി-9 ഷെഡ്യൂളിൽ ഉൾപ്പെട്ട വാറ്റ് തുകയുടെ വിശദാംശം ലഭ്യമല്ല .

9. ബി-18 ഷെഡ്യൂളിൽ ഇംപ്രെസ്റ്റ് ഉൾപ്പെടുത്തിയിട്ടില്ല .

10. അഡ്വാൻസ് രജിസ്റ്റർ യഥാവിധി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.
11. ഡെപ്പോസിറ്റ് വർക്കിനായി വിവിധ ഏജൻസികൾക്കായി നൽകിയതിന്റെ വിവരം ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല .
12. ബി-18 ഷെഡ്യൂളിൽ Vehicle Loan To Employees ക്രമീകരിക്കാതെ അവശേഷിക്കുന്നു .
13. ബി-9 ഷെഡ്യൂളിൽ ഉൾപ്പെട്ടവ ബിൽ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല .
14. അടിസ്ഥാന രേഖകളുടെ അഭാവത്തിൽ I-18 ഷെഡ്യൂൾ പ്രകാരമുള്ള പ്രയർ പീരിയഡ് ക്രമീകരണങ്ങളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.
15. റീകൺസിലിയേഷൻ പത്രികകളുടെ പൊരുത്തപ്പെടുത്തലിൽ അപാകതകൾ നിലനിൽക്കുന്നു. (വിശദാംശങ്ങൾ ഖണ്ഡികയായി ചേർത്തിട്ടുണ്ട്)

16. ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് ബാലൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ലാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട വാർഷികകണക്കിലെ തുകകളുടെ കൃത്യത വ്യക്തമല്ല. ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടാൻ കഴിയുന്നില്ല.
17. ബി-6 ഷെഡ്യൂളിലെ അൺസെക്യൂർഡ് ലോൺ ഇനത്തിലുള്ള 3,83,000/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.
18.31/03/2020 ലെ ബാലൻസ് ഷീറ്റ് പ്രകാരം വാടക നിക്ഷേപം(Rent Deposit) ഇനത്തിൽ നഗരസഭ ഫണ്ടിൽ അവശേഷിക്കുന്നത് 7.06 കോടി രൂപയാണ്. ഏതെല്ലാം കുത്തകക്കാരാണ് പ്രസ്തുത തുക ഒടുക്കിയിട്ടുള്ളത് എന്നത് വാടക രജിസ്റ്ററിൽ നിന്ന് വ്യക്തമല്ല.
19.വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
20.അടിസ്ഥാന രേഖകളുടെ അഭാവത്തിൽ ബി-13 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.
21.സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
അപാകതകൾ പരിഹരിച്ച് വാർഷികകണക്കുകൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 39267653.53 |
| ഓഡിറ്റ് വർഷത്തെ വരവ് | 164446769 |
| ആകെ | 203714422.53 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 184098842 |
| നീക്കിയിരിപ്പ് | 19615580.53 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 135317 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 17403699 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | പ്രാരംഭ ബാക്കി | വരവ് (സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് (ACR പ്രകാരമുള്ളത്) | നീക്കിയിരിപ്പ് | ലാപ്സായതുക | ചെലവ് % |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 19309001 | 19309001 | 16639920 | 2669081 | | 86.17 |
| വികസന ഫണ്ട് | 0 | 2693000 | 2693000 | 1214645 | 1478355 | | 45.10 |

| | | | | | | |
|---|---|---|---|---|---|---|
| (എസ്.സി.പി) | | | | | | |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 345000 | 345000 | 9600 | 335400 | 2.78 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 0 | 31524000 | 31524000 | 10792337 | 20731663 | 34.23 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 0 | 8209000 | 8209000 | 3570957 | 4638043 | 43.50 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 32130000 | 32130000 | 6304417 | 25825583 | 19.62 |
| NULM | 559351 | 1381450 | 1940801 | 1203015 | 737786 | |
| AUEGS (ക്യാഷ് ബുക്ക് പ്രകാരമുള്ളത്) | 4856180 | 115585 | 4971765 | 4487601 | 484164 | |

1. വികസനഫണ്ട് പൊതുവിഭാഗത്തിൽ ജി.ഒ. പ്രൊജക്ടായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 499471 രൂപ (പ്രൊജക്ട് നം.414-1721, പ്രൊജക്ട് നം.415-164416, പ്രൊജക്ട് നം.416-333334) ഉൾപ്പെടാത്തതിനാൽ ഈയിനത്തിലെ സുലേഖ ചെലവു പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ചെലവുകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.
2. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.
3.കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികൾ വകയിരുത്തൽ, ചെലവ്, നീക്കിയിരിപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്കുകൾ, എന്നിവയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. നഗരസഭയിൽ ഇതിന് എസിആർ / ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.
4.പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ 4 എണ്ണത്തിന്റെ വിനിമയം അക്കൗണ്ട് ചെയ്യുന്നത് 320100100 എന്ന ഒരു ശീർഷകത്തിലാണ്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയത്തിന്റെ കൃത്യത വ്യക്തമാക്കുന്ന 2019-20 ലെ വരവ്-ചെലവ്-തിരിച്ചടവ് കണക്കുകൾ, വിശദാംശങ്ങൾ, ഇടപാടുകളുടെ വാർഷിക സംക്ഷിപ്തം എന്നിവ ഉൾപ്പെടുത്തി ഓരോ ശീർഷകത്തിന്റെയും എ.സി.ആർ. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
5.വിവിധ കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്കായി വരവ് വരുന്ന ഫണ്ടുകൾ പ്രത്യേകം കണക്കാക്കി B4 ഷെഡ്യൂളിൽ ക്രമീകരിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത വരവ് ചെലവ് കണക്കുകളുടെ കൃത്യത വ്യക്തമാകുന്നില്ല .
മേൽ അപാകതകൾക്കും ഖണ്ഡിക 1-2 ൽ പരാമർശിക്കുന്ന അപാകതൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

1-5 പദ്ധതിഅവലോകനം

നഗരസഭയുടെ 2019-20 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 9-3-20ലെ ഉത്തരവ് നം.2707/18 /DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 28.11.2018 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 30.11.2018 |
| പദ്ധതിരൂപീകരണ വാർഡ്സഭകൾ | 25-10-18 മുതൽ 31-10-18 വരെ |
| വികസനസെമിനാർ | 03-12-18 |

2019-20 വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 122721911/- രൂപയും ആകെ ചെലവ് 38769476/- രൂപയുമാണ്. ചെലവുശതമാനം 31.6%. അംഗീകാരം ലഭിച്ച 333 പ്രോജക്ടുകളിൽ 124 എണ്ണം മാത്രമാണ് നടപ്പാക്കാൻ സാധിച്ചത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | തയ്യാറാക്കിയ പ്രൊജക്റ്റിന്റെ എണ്ണം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | % |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 600000 | 600000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 600000 | 600000 | 100 |
| കൃഷി ഓഫീസർ | 4 | 3 | 968750 | 676810 | 70 |
| സെക്രട്ടറി | 17 | 13 | 4635353 | 3294680 | 71 |
| വെറ്ററിനറി സർജൻ | 4 | 4 | 1869000 | 820550 | 44 |
| ഹെൽത്ത് ഓഫീസർ | 31 | 14 | 12137030 | 7707799 | 64 |
| മെഡിക്കൽ ഓഫീസർ ഗവ.ഹോസ്പിറ്റൽ | 13 | 12 | 4075233 | 2807012 | 69 |
| മുനിസിപ്പൽ എഞ്ചിനീയർ | 11 | 4 | 14528514 | 2465020 | 17 |
| ഐസിഡിഎസ് സൂപ്പർവൈസർ | 7 | 6 | 4414294 | 3919714 | 89 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 244 | 66 | 78893737 | 15877891 | 20 |
| ആകെ | 333 | 124 | 122721911 | 38769476 | |

<u>വിനിയോഗലക്ഷ്യം കൈവരിച്ചില്ല - 5.61 കോടി രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു</u>

2019-20കാലയളവിലെ സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ നഗരസഭ തികഞ്ഞ അലംഭാവം പുലർത്തിയതായി കാണുന്നു. ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചത് 19.62% മാത്രമാണ്. കൂടാതെ ടിഎസ് പി, റോഡ് സംരക്ഷണഗ്രാന്റ് വിനിയോഗം യഥാക്രമം 2.78%, 34% മാത്രമാണ്. . നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നുവെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല. തൻമൂലം പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക്കിയപ്രൊജക്ടുകളിൽ 17% ചെലവ് മാത്രമേ തൻവർഷം ഉണ്ടായിരുന്നുള്ളൂ. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 244 പ്രോജക്ടുകളിൽ66എണ്ണം മാത്രമാണ് (ചെലവ് ശതമാനം20 %) തൻവർഷം നടപ്പാക്കാൻ സാധിച്ചത് എന്നത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ പദ്ധതിപുരോഗതി നിരീക്ഷിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നില്ല എന്ന് വ്യക്തമാക്കുന്നു. വിനിയോഗത്തിൽ വന്ന ജാഗ്രതക്കുറവ് മൂലം തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട് -പൊതുവിഭാഗം | 3168552 |
| എസ് സിപി | 1478355 |
| ടി എസ് പി | 335400 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 20731663 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 4638043 |
| സിഎഫ് സി ഗ്രാന്റ് | 25825583 |
| ആകെ | 5,61,77,596 |

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 5.61കോടി രൂപ ആത്യന്തികമായി നഗരസഭയ്ക്ക് നഷ്ടമായി. 5.61കോടിയിലധികം രൂപ നഗരസഭയുടെ ജാഗ്രതക്കുറവ് മൂലം തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ

വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ലായെന്ന് കാണുന്നു.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമല്ല

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവ ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

2019-20 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 298 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 126 പദ്ധതികളിൽ 116 എണ്ണം പൂർത്തീകരിച്ചു. തൻവർഷം 13438 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 209 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. നീർച്ചാൽ തെളിക്കൽ , മഴക്കാലപൂർവ്വ ശുചീകരണം മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2019-20 വർഷത്തെ ക്യാഷ്ബുക്ക് പ്രകാരം വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 4856180 |
| വരവ് | 2019-20 ലെ അലോട്ട്മെന്റ് | 0 | 115585 |
| | ബാങ്ക് പലിശ | 115585 | |
| | ആകെ വരവ് | 115585 | |
| ആകെ(മുന്നിരിപ്പും വരവും ഉൾപ്പടെ) | | | 4971765 |
| ചെലവ് | വേതനം | 3856409 | 4487601 |
| | സാധന ഘടകം | - | |
| | ശമ്പളം(ഭരണച്ചെലവ്) | 631189 | |
| | മറ്റു ചെലവ് | 3 | |
| | ആകെ ചെലവ് | 4487601 | |
| നീക്കിയിരിപ്പ് | | | 484164 |

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2019-20 വർഷം പാലാ നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 584400 | 106 |
| വിധവാപെൻഷൻ | 2785800 | 508 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 239400 | 44 |
| വികലാംഗപെൻഷൻ | 839700 | 156 |
| വാർദ്ധക്യകാലപെൻഷൻ | 7698600 | 1430 |

## 1-8 കാഷ് വേരിഫിക്കേഷൻ

പാലാ നഗരസഭയുടെ 2019-20 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4.1.2022 തീയതിയിൽ 3:30 പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 36131/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഓഫീസ് ഉത്തരവുകളും അവയുടെ പാലിക്കലും

പാലാ നഗരസഭയിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെയാണ് ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിരുന്നത്. വിവിധ സെക്ഷനുകളുടെ ഏകോപനമില്ലായ്മ, അക്കൗണ്ട് സെക്ഷനുകളിൽ ജീവനക്കാരെ മാറിമാറി വിന്യസിക്കുക, ഇവയെല്ലാം നഗരസഭയുടെ ആകെയുള്ള പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

നഗരസഭയിലെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് തുക തിരികെ നൽകുന്നതിൽ നിരീക്ഷണ സംവിധാനമില്ല. രസീതുകളുടെ പരിപാലനം ശരിയായ രീതിയിലല്ല.സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല. അസ്സസ്സ്മെന്റ് രജിസ്റ്റർ, മിനിറ്റ്സ് ബുക്കുകൾ, കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്റർ എന്നിവ സാമാന്യം തൃപ്തികരമായി പരിപാലിക്കുന്നുണ്ട്.

അക്കൗണ്ടിംഗ് സംവിധാനം

സാംഖ്യാ സമ്പ്രദായത്തിലുള്ള അക്കൗണ്ടിംഗ് നടപ്പാക്കിവരുന്നു. വൗച്ചറുകൾ ക്രമമായി അടുക്കി സൂക്ഷിക്കുന്നില്ല. വൗച്ചറുകൾക്കൊപ്പം അനുബന്ധരേഖകൾ സൂക്ഷിക്കുന്നില്ല. പേയ്മെന്റ് വൗച്ചറുകൾ സാംഖ്യയിൽ ജനറേറ്റ് ചെയ്യുന്നുവെങ്കിലും ബന്ധപ്പെട്ട വൗച്ചറിനൊപ്പമല്ല ഇവ സൂക്ഷിക്കുന്നത്. കണ്ടിജന്റ് ചെലവുകളുടെ വൗച്ചറുകൾ സാംഖ്യയിൽ ജനറേറ്റ് ചെയ്യുന്ന വൗച്ചറിനൊപ്പം സൂക്ഷിക്കേണ്ടതാണ്.

വസ്തുനികുതിയിനത്തിലെ കുടിശിക തുകകൾ ഈടാക്കുന്നതിന് നഗരസഭാതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടുംകൂടിയ പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും നടത്തി വരുന്നു.. ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണവും നിലവിലുണ്ട്.

ആസ്തി നിയന്ത്രണം ഫലപ്രദമല്ല

നഗരസഭാ ആസ്തിയല്ലാത്ത റോഡുകളുടെ കോൺക്രീറ്റിങ്ങ് പ്രവൃത്തികളിലും നഗരസഭാ ഫണ്ടുപയോഗിച്ച് നിർമ്മാണപ്രവൃത്തികൾ നടത്തിയിട്ടുണ്ട്. നഗരസഭ സാംഖ്യ സോഫ്റ്റ്‌വെയർ മുഖേന ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും യഥാസമയം രേഖപ്പെടുത്തുന്നുവെങ്കിലും വിവിധ മരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി അപ്ഡേറ്റ് ചെയ്യുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.10.2007 | 2006-07 | എഫ്-3517(8)/08 തീയതി 17.10.2008 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.07.18 മുതൽ 27.07.18 വരെ | 2016-17 മുതൽ 2017-18 വരെ | എൽ ബി എ(എച്ച്.ക്യൂ) II/I/8A-77/2018-19/150 തീയതി 27.08.2018 |

## 1-11 ബാങ്ക് റീകൺസിലിയേഷൻ അപാകതകൾ

1. നഗരസഭയുടെ വാർഷിക ധനകാര്യപത്രിക പ്രകാരം 2019-20 വർഷം 24 ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ ഉപയോഗത്തിലിരുന്നതായി കാണുന്നു. കേരള മുനിസിപാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം എല്ലാ അക്കൗണ്ടുകളുടെയും ബാങ്ക് ബുക്ക്, റീകൺസിലിയേഷൻ പത്രികകൾ എല്ലാ മാസവും തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും ആയത് പാലിക്കുന്നില്ല. ലഭ്യമായ റീകൺസിലിയേഷൻ പത്രികകൾ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിട്ടുള്ള അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പത്രികകൾ തയ്യാറാക്കിയതിൽ അപാകതകളുണ്ടെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക്/ട്രഷറി അക്കൗണ്ട് | 31.3.2020 ലെ ബാങ്ക് ബുക്ക് നീക്കിയിരുപ്പ് (റീകൺസിലിയേഷൻ പത്രിക പ്രകാരം) | 31.3.2020 ലെ പാസ് ബുക്ക് നീക്കിയിരുപ്പ് (റീകൺസിലിയേഷൻ പത്രിക പ്രകാരം) | 31.3.2020 ലെ പാസ് ബുക്ക് നീക്കിയിരുപ്പ് (ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം) |
|---|---|---|---|
| ബാങ്ക് ഓഫ് ബറോഡ,(33020100 001444) | 518597 | 518597 | 536269 |
| ട്രഷറി ടിഎസ് ബി (ഓൺ ഫണ്ട്) 709011400000004 | 450067 | 1644442 | 1647406 |
| എസ് ബി ഐ പ്രോപ്പർട്ടി ടാക്സ് ഓൺലൈൻ-37780446441 | 1040359 | 1040359 | 105189 |
| ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക്-050341203000001 | 962956 | 1027995 | 7209 |

പൊരുത്തപ്പെടുത്തിലിലെ അപാകതകൾ സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല.

2. നഗരസഭയിൽ ഉപയോഗത്തിലിരിക്കുന്ന താഴെ കൊടുത്തിട്ടുള്ള ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 2020 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രിക പ്രകാരം വലിയ തുകകൾ Cheques Issued But Not Presented Into Bank, Cheques Deposited But Not Collected, Directly Debited By Bank, Directly Credited By Bank എന്ന പേരിൽ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക്/ ട്രഷറി അക്കൗണ്ട് | ശീർഷകം | തുക | റിമാർക്സ് |
|---|---|---|---|
| എസ് ബി ടി ഓൺഫണ്ട് (57028192109) | Cheques Issued But Not Presented Into Bank | 1184465 | 2018 മുതൽ ഇഷ്യൂ ചെയ്ത വിവിധ ചെക്കുകളാണ് ഇതു പ്രകാരം അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നത് |
| ടിഎസ് ബി ഓൺഫണ്ട്-709011400000004 | Cheques Issued But Not Presented Into Bank | 2553497 | 2017 മുതൽ ഇഷ്യൂ ചെയ്ത വിവിധ ചെക്കുകളാണ് ഇതു പ്രകാരം അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നത് |
| | Cheques Deposited But Not Collected | 2010225 | 2019 മുതൽ വിവിധ വരവിനങ്ങളിലായി ലഭിച്ച ചെക്കുകളാണ് അവശേഷിക്കുന്നതായി കാണിച്ചിട്ടുള്ളത് |
| | Directly Credited By Bank | 651103 | 2015 മുതലുള്ള തീയതികളിൽ വരവായി ലഭിച്ച തുകകളാണ് അവശേഷിക്കുന്നത് |
| സൗത്ത് ഇൻഡ്യൻ ബാങ്ക് | Cheques | 227907 | 2019 മുതലുള്ള |

| | | | |
|---|---|---|---|
| ഓൺഫണ്ട്-0062053000070562 | Issued But Not Presented Into Bank | | ചെക്കുകളാണ് അവശേഷിക്കുന്നത് |
| എസ്ബിഐ -ഓൺലൈൻ(67308514364) | Cheques Issued But Not Presented Into Bank | 2553710 | 2019 മുതൽ ഇഷ്യൂ ചെയ്ത വിവിധ ചെക്കുകളാണ് അവശേഷിക്കുന്നത് |
| | Directly Credited By Bank | 1729778 | 2019 ഏപ്രിൽ മുതലുള്ള തീയതികളിൽ വരവായി ലഭിച്ച തുകകളാണ് അവശേഷിക്കുന്നത് |
| | Cheques Deposited But Not Collected | 2114871 | 2019 മുതൽ വിവിധ വരവിനങ്ങളിലായി ലഭിച്ച ചെക്കുകളാണ് അവശേഷിക്കുന്നതായി കാണിച്ചിട്ടുള്ളത് |
| | Directly Debited By Bank | 1026187 | 2019 മുതലുള്ള തീയതികളിൽ പിൻവലിച്ച തുകകളാണ് അവശേഷിക്കുന്നത് |

ഇഷ്യൂ ചെയ്ത ചെക്ക് മൂന്നുമാസം കഴിഞ്ഞിട്ടും പണമാക്കാത്ത സാഹചര്യത്തിൽ ആയത് സ്റ്റെയ്ൽ ചെക്ക് എന്ന ശീർഷകത്തിലേക്ക് മാറ്റുന്നില്ല. വാർഷിക ധനകാര്യപത്രികയുടെ B-9 ഷെഡ്യൂൾ പ്രകാരം 22500 രൂപ മാത്രമാണ് Liability In Respect Of Stale Cheque എന്ന ശീർഷകത്തിൽ ചേർത്തിട്ടുള്ളത്. മുനിസിപാലിറ്റിക്ക് വരവിനങ്ങളിൽ ലഭിച്ച ചെക്കുകൾ പണമാക്കാതെ അവശേഷിക്കുന്നതായാണ് റീകൺസിലിയേഷൻ പത്രികയിൽ നിന്നും ബോധ്യപ്പെടുന്നത്. ഇത്തരത്തിൽ മുനിസിപാലിറ്റിക്ക് ലഭിച്ച ചെക്കുകൾ പണമാക്കാതെ അവശേഷിച്ചിക്കുന്നത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണെന്നും വലിയ തുകകൾ ഡയറക്ടലി ക്രെഡിറ്റഡ്, ഡെബിറ്റഡ് എന്ന് രേഖപ്പെടുത്തിയാണ് പൊരുത്തപ്പെടുത്തൽ നടത്തുന്നതും സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (നം.18/20.01.2022)

കൃത്യമായി റികൺസിലിയേഷൻ പത്രികകൾ തയ്യാറാക്കുന്നതിലും മേൽപരിശോധനകൾ നടത്തുന്നതിലും അലംഭാവം പുലർത്തുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇത് നഗരസഭയുടെ അക്കൗണ്ടിംഗിന്റെ കൃത്യതയെ ബാധിക്കുന്നുണ്ട്. ബാങ്ക് ബുക്ക്- പാസ് ബുക്ക് പൊരുത്തപ്പെടുത്തലുകൾ കൃത്രിമമായി തയ്യാറാക്കുന്നതായാണ് പരിശോധനയിൽ ബോധ്യപ്പെട്ടത്.

3. എസ് ബി ഐ (IDSMT) അക്കൗണ്ടിൽ അവശേഷിച്ചിരുന്ന 190505 രൂപ തനതുഫണ്ട് അക്കൗണ്ടായ എസ് ബി ഐ ( നം. 57028192109) ലേക്ക് 5.6.2020 ൽ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രസ്തുത അക്കൗണ്ട് സംബന്ധിച്ചും വിനിയോഗിക്കാതെ അവശേഷിച്ചിരുന്ന തുക സംബന്ധിച്ചും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമായില്ല. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏതാവശ്യത്തിന് ലഭ്യമായ ഫണ്ടാണോ ആ അക്കൗണ്ടിലേക്ക് ഒടുക്കുന്നതിനു പകരം തനതുഫണ്ടിലേക്ക് മാറ്റിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-12 നഗരസഭയ്ക്ക് വിട്ടുകിട്ടിയ സ്ഥാപനത്തിന് വസ്തുനികുതി ഈടാക്കുന്നു

കേരളമുനിസിപ്പാലിറ്റി ആക്റ്റ് 1994 വകുപ്പ് 235(സി) പ്രകാരം രോഗികൾക്ക് സൗജന്യമായി ചികിത്സ ലഭ്യമാക്കുന്ന എല്ലാ ആതുരാലയങ്ങളെയും വസ്തുനികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കേരള മുനിസിപാലിറ്റി ആക്റ്റ് സെക്ഷൻ 235 (എച്ച്) പ്രകാരം ഏതെങ്കിലും തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ വക കെട്ടിടത്തിനോ സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വിട്ടുകൊടുത്ത സ്ഥാപനത്തോടനുബന്ധിച്ച കെട്ടിടങ്ങൾക്കും വസ്തുനികുതി ഒഴിവാക്കി നൽകിയിട്ടുള്ളതാണ്. എന്നാൽ മുനിസിപാലിറ്റിക്ക് വിട്ടു കിട്ടിയ ഗവ. ഹോസ്പിറ്റലിനോടനുബന്ധിച്ചുള്ള താഴെ കൊടുത്തിട്ടുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണയിച്ചിട്ടുള്ളതായി കാണുന്നു. നികുതി നിർണയിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ.) | കെട്ടിടത്തിന്റെ ഉപയോഗക്രമം (സഞ്ചയ പ്രകാരം) | നിർണയിച്ച വസ്തുനികുതി |
|---|---|---|---|---|
| 1 | 20/2052 | 3851.6 | ആശുപത്രികൾ(സർക്കാർ) | 54597 (10രൂപ നിരക്കിൽ) |
| 2 | 20/2045 | 110 | ആശുപത്രികൾ(സർക്കാർ) | 1155 (10രൂപ നിരക്കിൽ) |
| 3 | 20/2046 | 48 | ആശുപത്രികൾ(സർക്കാർ) | 504 (10രൂപ നിരക്കിൽ) |
| 4 | 20/2047 | 174 | ആശുപത്രികൾ(സർക്കാർ) | 1097 (10രൂപ നിരക്കിൽ) |
| 5 | 20/2048 | 460.8 | ആശുപത്രികൾ(സർക്കാർ) | 4113 (10രൂപ നിരക്കിൽ) |
| 6 | 20/2053 | 355.74 | വീടുകൾ | 3811 (12 രൂപ നിരക്കിൽ) |

ആർ.-1-2243/2004 തീ.5.8.2019 പ്രകാരം മുനിസിപാലിറ്റിയിൽ നിന്നും മേൽ കെട്ടിടങ്ങളുടെ 2018-19 വർഷത്തെ വസ്തുനികുതി കുടിശ്ശിക, 2019-20 വർഷത്തെ വസ്തുനികുതി എന്നിവ അടവാക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റലിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. ഇതു പ്രകാരം മെഡിക്കൽ ഓഫീസർ (ഗവ.ഹോസ്പിറ്റൽ) 2019-20 ൽ നിർവഹണം നടത്തിയിട്ടുള്ള ജനറൽ ആശുപത്രി ബിൽഡിംഗ് ടാക്സ് ആന്റ് ലാന്റ് ടാക്സ് ( പ്രൊജക്ട് നം.87/20) പ്രകാരം മെയിന്റനൻസ് ഫണ്ട് നോൺ റോഡിനത്തിൽ നിന്നും 98948 രൂപ ചെലവഴിച്ച് വസ്തുനികുതി മുനിസിപ്പൽ ഫണ്ടിലേക്ക് അടവാക്കുകയും ചെയ്തിരിക്കുന്നു. പ്രോജക്ട് പ്രകാരം തുക അടവാക്കിയെങ്കിലും ഇതു സംബന്ധിച്ച് സഞ്ചയയിൽ പോസ്റ്റിംഗ് നടത്തിയിട്ടില്ല. കൂടാതെ കെട്ടിടങ്ങൾക്ക് സഞ്ചയപ്രകാരം ഡിമാന്റ് നിശ്ചയിച്ചിട്ടില്ല. നികുതി ഒഴിവാക്കി നൽകേണ്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് വിട്ടു കിട്ടിയ സ്ഥാപനത്തിന് വസ്തുനികുതി നിർണയിച്ചതിനും മേൽ സൂചിപ്പിച്ച മറ്റ് അപാകതകൾക്കും വിശദീകരണം നൽകേണ്ടതാണ്. കൂടാതെ മേൽ സർക്കാർ ആശുപത്രികെട്ടിടങ്ങളുടെ വസ്തുനികുതി പ്രോജക്ട് തയ്യാറാക്കി സർക്കാർ ഫണ്ടിൽ നിന്നും അടവാക്കാനിടയായ സാഹചര്യവും വ്യക്തമാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം.5/14.01.2022) തുക അടവാക്കിയത് സംബന്ധിച്ച് സഞ്ചയയിൽ പോസ്റ്റിംഗ് നടത്തുന്നതാണെന്ന് മറുപടി ലഭിച്ചു. പ്രോജക്ട് നടപ്പാക്കിയത് സംബന്ധിച്ച് മുനിസിപാലിറ്റി പ്ലാനിംഗ് സെക്ഷനിൽ നിന്നും മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

നികുതി ഒഴിവാക്കിയിട്ടുള്ള ആശുപത്രി കെട്ടിടത്തിന് പ്രോജക്ട് തയ്യാറാക്കി മെയിന്റനൻസ് ഫണ്ടിൽ നിന്നും മുനിസിപാലിറ്റിയിലേക്ക് തുക ഈടാക്കിയത് സംബന്ധിച്ച് വിശദീകരണം ഓഡിറ്റിന് നൽകേണ്ടതാണ്. തുടർ വർഷങ്ങളിൽ ഇത്തരത്തിൽ പ്രോജക്ട് തയ്യാറാക്കി സർക്കാർ ഫണ്ട് തനതുഫണ്ടിലേക്ക് വരവിലെടുക്കുന്നത് ഒഴിവാക്കേണ്ടതാണ്.

### 1-13 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

2019-20 വർഷം വിവിധ വകുപ്പുകളിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി അസ്സസ്മെന്റ് ഫോറം ( ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കുന്നത്) പരിശോധിച്ചതിൽ അർദ്ധ വാർഷിക വരുമാനത്തിന് ഒപ്പം ബോണസ് / ഫെസ്റ്റിവൽ അലവൻസ് ഉൾപ്പെടുത്താത്തതിനാൽ ലഭിക്കേണ്ട തൊഴിൽ നികുതിയിൽ കുറവ് സംഭവിച്ചതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു .

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | ലഭ്യമാക്കിയ തൊഴിൽ നികുതി അസ്സസ്മെന്റ് | ഈടാക്കിയ നികുതി | ബോണസ് / ഫെസ്റ്റിവൽ അലവൻസ് | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | ഫോറം പ്രകാരം അർദ്ധ വാർഷിക വരുമാനം | | ചേരുമ്പോൾ അർദ്ധ വാർഷിക വരുമാനം | | |
| MACT , പാലാ | നിഷ ഗോപാല കൃഷ്ണൻ | 122400 | 1000 | 125150 | 1250 | 250 |
| „ | രെഞ്ചു പി എം | 122400 | 1000 | 125150 | 1250 | 250 |
| | അമ്പിളി കെ വി | 122400 | 1000 | 125150 | 1250 | 250 |
| | ആദിലത്ത് എം | 122400 | 1000 | 125150 | 1250 | 250 |
| മുനിസിഫ് കോർട്ട് പാലാ | സ്മിതാ പി എസ് | 122400 | 1000 | 125150 | 1250 | 250 |
| JFCM കോടതി പാലാ | വൽസമ്മ മാധവൻ | 99996 | 750 | 102746 | 1000 | 250 |
| സബ് കോടതി പാലാ | ഗീതു മോൾ | 122400 | 1000 | 125150 | 1250 | 250 |
| പോളിടെക്നിക്ക് , പാലാ | അൽഫോൻസാമ്മ | 74329 | 600 | 77079 | 750 | 150 |
| ഫയർ ഫോഴ്സ് ഓഫീസ് , പാലാ | ഗിരീഷ് എസ് | 123435 | 1000 | 126185 | 1250 | 250 |
| ഗവ.എൽ പി എസ് , സൗത്ത് പാലാ | സുശീല എസ് | 78376 | 600 | 78376 | 750 | 150 |
| സെന്റ് .മേരീസ് GHSS , പാലാ | അഞ്ചു ബേബി | 124800 | 1000 | 127550 | 1250 | 250 |
| MG GHSS ,പാലാ | സവിത വിശ്വനാഥൻ | 122400 | 1000 | 125150 | 1250 | 250 |
| ആകെ | | | | | | 2800 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 32/2020-21,തീയതി-19/01/22 ) ബാക്കി നികുതി കൂടി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് സെക്രട്ടറി മറുപടി നൽകി . തൊഴിൽ നികുതിയിനത്തിൽ കുറവ് വന്ന 2800/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

1-14 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1)2019-20 സാമ്പത്തിക വർഷം ചുവടെ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും പേരിനൊപ്പം സൂചിപ്പിച്ച അർദ്ധവർഷത്തെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1.മാനേജർ,എം.സി.ആർ.ടെക്സ്റ്റൈൽസ്,പാലാ-1,2

2.സെൻറ് ജോർജ്ജ് ഐ ഹോസ്പിറ്റൽ,ന്യൂ ബസാർ റോഡ്,പാലാ-1,2

3.സെൻറ് ആൻറണീസ് ക്ളിനിക് ന്യൂ ബസാർ റോഡ്,പാലാ-1,2

4.അസി.എൻജിനീയർ,കെ.ഡബ്ള്യൂ.എ.,പി.എച്ച്.സെക്ഷൻ,പാലാ-2

5.ടീം ലീസ് സർവീസസ് ലിമിറ്റഡ് -1,2

6.കേരളാ സ്റ്റേറ്റ് ബിവറേജസ് കോപറേഷൻ ലിമിറ്റഡ്,പാലാ-1,2

7.ബ്രിട്ടീഷ് കിൻറർ ഗാർട്ടൻ പ്രൈമറി സ്കൂൾ പാലാ-1,2

2.) 2019-20 വർഷം പാലാ നഗരസഭ യിൽ തൊഴിൽ നികുതിക്കായി പ്രത്യേകം തൊഴിൽ നികുതിരജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ ആധികാരികത , കുടിശ്ശിക വരുത്തിയ

സ്ഥാപനങ്ങളുടെ വിവരങ്ങൾ എന്നിവ കൃത്യമായി വിലയിരുത്താൻ സാധിക്കുന്നില്ല.

3) 2005-ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടം 3 (2)-ൽ ഉൾപ്പെടുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യൻമാർ, ചട്ടം 3 (9-ൽ) ഉൾപ്പെടുന്ന ടാക്സി വാഹന ഉടമകൾ (ഒന്നിലധികം കാർ, വാൻ, ജീപ്പ്, ലോറി, ട്രക്ക്, ബസ്, മൂന്നിലധികം ഓട്ടോറിക്ഷ), ചട്ടം 3 (10)-ൽ ഉൾപ്പെടുന്ന കരാറുകാർ, ആധാരം എഴുത്തുകാർ തുടങ്ങിയവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല . ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, (എൻക്വയറി നമ്പർ.32,തീയതി 19.01.2022) തൊഴിൽ നികുതിരജിസ്റ്റർ അടിയന്തിരമായി തയ്യാറാക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതാണെന്നും അഭിഭാഷകർക്ക് തൊഴിൽ നികുതി അടക്കുന്നതിന് ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും സെക്രട്ടറി മറുപടി നൽകി.

1-15 വാടക –ഭീമമായ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം കടമുറികളുടെ വാടകയിനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു .

| തൻ വർഷ കുടിശ്ശിക | മുൻ വർഷങ്ങളിലെ കുടിശ്ശിക | ആകെ |
|---|---|---|
| 2824456 | 1479667 | 4304123 |

കുടിശ്ശിക തുക ഈടാക്കാൻ സ്വീകരിച്ച നടപടികൾ, വാടക ഇനത്തിലെ നിലവിലെ കുടിശ്ശിക വിവരങ്ങൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.33/19.01.2022) കുടിശ്ശിക തുക ഈടാക്കാൻ ബന്ധപ്പെട്ട വ്യക്തികൾക്ക് നോട്ടീസ് നൽകി നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് മറുപടി നൽകി . കുടിശ്ശിക തുക ഈടാക്കാൻ കർശന നടപടികൾ സ്വീകരിക്കേണ്ടതും തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

1-16 നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ ഒഴിഞ്ഞുകിടന്നു - വരുമാന നഷ്ടം

ഓഡിറ്റ് കാലയളവിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ ഒഴിഞ്ഞുകിടക്കുന്നതായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഷോപ്പിംഗ് കോംപ്ലെക്സ് | ആകെയുള്ള മുറികൾ | 2019-20 ൽ ഒഴിഞ്ഞ് കിടന്ന മുറികൾ |
|---|---|---|---|
| 1 | മുൻസിപ്പൽ കോംപ്ലക്സ് ബിൽഡിംഗ് | 115 | MCB- F12,F13,F14,F15<br>MCB- S4,S7,S16,S17,S18,S19,S20<br>MCB-27,28<br>MCB- C 17 ( 14 മുറികൾ ) |
| 2 | മുൻസിപ്പൽ കൊമേഴ്സ്യൽ കോംപ്ലക്സ് ബിൽഡിംഗ് | 73 | MCCB- G13 , G14,G18, G28,G29,G30,G31,G32,G33,<br>MCCB- F1 ,F2,F15,F16,F17<br>MCCB- S5,S6,S7,S8,S9 ( 19 മുറികൾ ) |
| 3 | തെക്കേക്കര കോംപ്ലക്സ് | 57 | TKRA-G10 , G11,TKRA-F4 ,TKRA-S4 ,S5 , S6,S17 ( 7 മുറികൾ ) |
| 4 | കൊട്ടാരമറ്റം ന്യൂകോംപ്ലക്സ് | 69 | KBT(N)- F1,F3,F5,F6,F10,F13,F14,F18,F19,F20,F21<br>KBT(N)- S1,S2,S4,S5,S8,S10,S17,S18,S20,S21,S23 ( 22 മുറികൾ ) |
| 5 | ടൗൺ ബസ്സ്റ്റാന്റ് ഗാരേജ് | 18 | TBG- 13,15,16 ( 3 മുറികൾ ) |

ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാതിരുന്നതിന് വിശദീകരണം

ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, (നം- 5/10.01.22) സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് ലേലത്തിൽ ആരും പങ്കെടുത്തില്ല എന്നും രണ്ട് മൂന്ന് മാസം ഇടവിട്ട് ലേലം നടത്തിയിട്ടും ആരും പങ്കെടുത്തില്ല എന്നും സെക്രട്ടറി മറുപടി നൽകി. കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാതിരിക്കുന്നത് മൂലം വൻ വരുമാന നഷ്ടം സംഭവിക്കുന്നു. മുറികൾ വാടകയ്ക്ക് പോകാതിരിക്കുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് . ഈ വിഷയത്തിൽ നഗരസഭാ കൗൺസിലും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും അടിയന്തിരമായി ഇടപെടേണ്ടതാണ്.

## 1-17 നഗരസഭ വക സ്റ്റേഡിയത്തിൽ അനുമതി ഇല്ലാതെ കായിക മേള -നടപടി എടുത്തില്ല

നഗരസഭാവക സ്റ്റേഡിയത്തിൽ 2019 ഒക്ടോബർ 4 മുതൽ 6 വരെ സംസ്ഥാന ജൂനിയർ അത് ലറ്റിക് മീറ്റ് നടന്നിരുന്നു. എന്നാൽ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഇത് സംബന്ധിച്ച് യാതൊരു വരവും ലഭിച്ചിട്ടില്ല . നഗരസഭ വക സ്റ്റേഡിയം കായിക മേളയ്ക്കായി നൽകുമ്പോൾ ഈടാക്കുന്ന വാടക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| ഒന്നാം ദിവസം | 5000 രൂപ |
| രണ്ടാം ദിവസം | 3000 രൂപ |
| മൂന്നാം ദിവസം മുതൽ | 2000 രൂപ (പ്രതിദിനം ) |

കൂടാതെ ക്ലീനിംഗ് , കറണ്ട് ചാർജ് എന്നീ ഇനങ്ങളിലായി 1500 രൂപയും ഈടാക്കേണ്ടതാണ് . ഈ വിഷയം സംബന്ധിച്ച് കൂടുതൽ പരിശോധിച്ചതിൽ അനുമതി ഇല്ലാതെ ഒക്ടോബർ 4 ന് കായിക മേള ആരംഭിച്ചതായും ദൗർഭാഗ്യവശാൽ കായിക മേളയ്ക്ക് ഇടയിൽ ഒരു കുട്ടിയ്ക്ക് അപകടം സംഭവിക്കുകയും മരണപ്പെടുകയും ചെയ്തതായും ബോധ്യമായി . തുടർന്ന് ഒക്ടോബർ 4 ന് തന്നെ കായിക മേള നിർത്തി വയ്ക്കുകയും ചെയ്തു .

5-10-2019 ലെ കൗൺസിൽ യോഗത്തിൽ കൗൺസിൽ അനുമതി കൂടാതെയും നിയമാനുസൃതഫീസുകളൊന്നും അടവാക്കാതെയും നഗരസഭാവക സ്റ്റേഡിയത്തിൽ ഒക്ടോബർ 4 മുതൽ സംസ്ഥാന ജൂനിയർ അത് ലറ്റിക് മീറ്റ് സംഘടിപ്പിച്ചതായും അപകടമുണ്ടായതിനെ തുടർന്ന് സംഘാടകർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് തീരുമാനമെടുത്തതായും രേഖപ്പെടുത്തിയിട്ടുണ്ട് . നഗര സഭാ ഓഫീസിന് തൊട്ട് മുൻപിലുള്ള സ്റ്റേഡിയത്തിൽ എപ്രകാരമാണ് അനുമതി കൂടാതെ ഒരു പരിപാടി സംഘടിപ്പിച്ചത് എന്ന് ഓഡിറ്റിന് വ്യക്തമാകുന്നില്ല .

രേഖാമൂലമുള്ള അനുമതി ഇല്ലാതെ മീറ്റ് നടത്തിയതിനും നിയമാനുസൃതഫീസുകളൊന്നും അടവാക്കാത്തതിനും സംഘാടകർക്കെതിരെ സ്വീകരിച്ച നടപടികൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 01/2019-20,തീയതി-12/01/22 ) മറുപടി ലഭ്യമാക്കിയില്ല .

അനുമതി കൂടാതെയും നിയമാനുസൃതഫീസുകളൊന്നും അടവാക്കാതെയും നഗരസഭാവക സ്റ്റേഡിയത്തിൽ യാതൊരു പരിപാടിയും സംഘടിപ്പിക്കാതിരിക്കാൻ കർശനമായും ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൻമേൽ 5-10-2019 ലെ കൗൺസിൽ യോഗ തീരുമാനത്തിൻമേൽ സ്വീകരിച്ച നടപടികൾകൂടി അറിയിക്കേണ്ടതാണ് .

## 1-18 വൗച്ചറുകളുടെ സൂക്ഷിപ്പിലെ അപാകതകൾ

നഗരസഭയിലെ 2019-20 വർഷത്തെ തനതുഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട വൗച്ചറുകൾ പേയ്മെന്റ് വൗച്ചർ സഹിതം ക്രമമായി സൂക്ഷിച്ചിട്ടില്ല. കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007, ചട്ടം 9(1) പ്രകാരം നഗരസഭയിലെ എല്ലാ ഇടപാടുകളും ഒരു വൗച്ചറിൽ രേഖപ്പെടുത്തണമെന്നും, ചട്ടം 9(2) പ്രകാരം അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ വൗച്ചറുകൾ തയ്യാറാക്കേണ്ടതും അപ്രകാരം തയ്യാറാക്കിയ വൗച്ചറുകൾ ഇടപാടുകളെ അധികൃതമാക്കുന്ന അനുബന്ധ രേഖകളുടെ ആമുഖപത്രം ആകണമെന്നും ചട്ടം 9(4) പ്രകാരം വൗച്ചറുകൾക്ക് ക്രമ നമ്പർ നൽകുന്നതിനെപ്പറ്റിയും വ്യക്തമാക്കിയിട്ടുണ്ട്. വൗച്ചറുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും അത് പരിഹരിക്കുന്നതിനായി നഗരസഭ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ തൻവർഷം മുനിസിപ്പൽഫണ്ടിൽ നിന്നും നടത്തിയ വിവിധ വൗച്ചർ ഫയൽ പരിശോധിച്ചതിൽ പല ചെലവുകൾക്കും വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ലായെന്നും വൗച്ചറുകൾ ഉള്ളവയ്ക്ക് അനുബന്ധ രേഖകൾ, വിനിയോഗവിശദാംശങ്ങൾ മുതലായ ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ലെന്നും വ്യക്തമാകുന്നു. ഇപ്രകാരമുള്ള ചെലവുമായി ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ ചെലവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വൗച്ചറുകൾ ഇല്ലാത്തതും അനുബന്ധ രേഖകൾ ഇല്ലാത്തതുമായ ചെലവുകളുടെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | മാസം | വൗച്ചർനം | ഉദ്ദേശ്യം | തുക | ചെക്ക് നം |
|---|---|---|---|---|---|
| 1 | 05/19 | 75/19 | ഓട്ടോറിക്ഷ ടയർ പർച്ചേസ് | 6900 | 0437046/22.05.19 |
| 2 | 07/19 | 10/19 | മൂന്നാനി ലോയേഴ്സ് ചേമ്പർ പാർട്ട് | 63,37,404 | 415513/02.07.19 |

| | | | | | |
|---|---|---|---|---|---|
| | | | പേയ്മെന്റ് | | |
| 3 | | 32/19 | R3-2361/09 | 160428 | Online Payment. - |
| 4 | | 72/19 | H4-12487/19 | 121950 | 000382/26.07.19 |
| 5 | ലഭ്യമല്ല | 75/19 | ട്രാക്ടർ ഫ്യൂവൽ ചാർജ് | 5218 | Online Payment. |
| 6 | 08/19 | 57/19 | C M D R F PAYMENT | 211813 | Online Payment. |
| 7 | ലഭ്യമല്ല | 71/19 | Cesspayment | 8031900 | 927203/30.08.19 |
| 8 | 11/19 | 39/19 | ജനറൽഹോസ്പിറ്റൽ അറ്റകുറ്റപണി | 288973 | 027840/18.11.19 |
| 9 | 02/20 | 49/20 | ജി എസ് റ്റി കളക്ഷൻ M/s FAH | 12986 | Online Payment. |
| | | | | 15177572 | |

വിശദാംശങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽപ്പറഞ്ഞ വൗച്ചറുകൾ പ്രകാരമുള്ള 15177572/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വൗച്ചറുകൾ പേയ്മെന്റ് വൗച്ചർ, അനുബന്ധരേഖകൾ എന്നിവ സഹിതം ക്രമമായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 പ്രവൃത്തി പൂർത്തീകരണ വിവരം/ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല-ചെലവ് തടസ്സപ്പെടുത്തുന്നു.

ഫയൽ നം - PW1/14998/19

വൗച്ചർ നം - 43/03-20 തീയതി 06-03-20

നഗരസഭയുടെ 2019-20 വാർഷിക പദ്ധതിയിലുൾപ്പെട്ട മാളിയേക്കൽ ലൈൻ സൈഡ് പ്രൊട്ടക്ഷൻ എന്ന പ്രവൃത്തിയുടെ പൂർത്തീകരണത്തിനായ LT ലൈൻ ഷിഫ്റ്റ് ചെയ്യുന്നതിന് KSEB പാലാ സെക്ഷനിൽ 20,019 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ 14/20-01-22 ഓഡിറ്റ് എൻക്വയറിയ്ക്ക് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകി . ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം കെ എസ് ഇ ബി യിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 20019 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 തെരുവ് വിളക്കുകളുടെ എഎംസി - നിലവിലെ രീതിയിൽ എഎംസി കണക്കാക്കുന്നത് തനത് ഫണ്ടിന് വൻ നഷ്ടം വരുത്തുന്നു.

(ഫയൽ നം - PW3-9304/18 , PW3-1709/19, PW3-1478/16)

നഗരസഭാ പരിധിയിലുള്ള 3082 ( 2664 + 418) സിഎഫ്എൽ വിളക്കുകളുടെയും , 464 സോഡിയം വേപ്പർ ലാമ്പുകളുടെയും, ബൈപ്പാസ് റോഡിലെ 54 MH ലൈറ്റുകളുടെയും വാർഷിക അറ്റകുറ്റപ്പണിയ്ക്കായുള്ള കരാർ 2019-20 ൽ രാജു മുട്ടത്ത് എന്ന കരാറുകാരനെ ഏൽപ്പിച്ചിട്ടുണ്ട്. പ്രവൃത്തിയ്ക്കായി 2019-20 , 20-21 (ആദ്യ പകുതി)വർഷങ്ങളിൽ തനത് ഫണ്ടിൽ നിന്ന് ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ഇനം | എണ്ണം | തുക (രൂപ) |
|---|---|---|
| സോഡിയം വേപ്പർ ലാമ്പ് | 464 | 1960928 |
| MH ലാമ്പ് | 54 | 189664 |
| സി എഫ് എൽ | 418 | 130207 |
| സി എഫ് എൽ | 2664 | 2049436 |
| ആകെ | | 43,30,235 |

പ്രവൃത്തി സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയായ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയും സംരക്ഷണവും സംബന്ധിച്ച് 15-9-2011 ൽ 3055/2011/ ത സ്വ ഭ വ നമ്പരായുള്ള മാർഗ്ഗ നിർദ്ദേശം പ്രകാരം 36 മാസത്തേക്ക് AMC അനുവദനീയമാണ്. ഏതാനും വഴിവിളക്കുകളുടെ കേടുപാടുകൾ മാസം തോറും പരിഹരിച്ചാൽപോലും മുഴുവൻ വഴിവിളക്കുകളുടെയും എഎംസികരാറുകാരന് അനുവദിക്കുന്ന രീതിയാണ് നഗരസഭ പിൻതുടർന്ന് വരുന്നത് .

നഗരസഭയുടെ പരിധിയിൽ ഉള്ള ആകെ വഴിവിളക്കുകളുടെ എണ്ണം, ഇനം എന്നിവയുടെ വാർഡ് തിരിച്ചുള്ള വിവരങ്ങൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വഴിവിളക്കുകളുടെ എണ്ണം പോലും കൃത്യമായി നിർണ്ണയിക്കാൻ കഴിയാത്ത അവസ്ഥയാണ്. ഉദാഹരണത്തിന് 2496 സിഎഫ്എൽ വിളക്കുകളുടെ എഎംസി ആണ് 2019-20 ൽ തുടങ്ങിയതെങ്കിലും ഫെബ്രുവരി 2020 മുതൽ 2664 സിഎഫ്എൽ വിളക്കുകൾ എന്ന് ചേർത്തിരിക്കുന്നു. എന്നാൽ പുതിയതായി ചേർത്ത വിളക്കുകൾ എപ്പോൾ വാങ്ങിയെന്നോ, ഏതൊക്കെ വാർഡുകളിൽ സ്ഥാപിച്ചു എന്നോ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ചേർത്തിട്ടില്ല. PW3-1478/16 എന്ന ഫയലിനൊപ്പം നിലവിൽ നഗരസഭയിൽ സൂക്ഷിച്ചു വരുന്ന രജിസ്റ്റർ പ്രകാരം 13/08/18 വരെ 893 സിഎഫ്എൽ വിളക്കുകളുടെ AMC തുകയാണ് അടവാക്കി വരുന്നത് . എന്നാൽ 21/08/18 മുതൽ 2496 സിഎഫ്എൽ വിളക്കുകളുടെ എഎംസി തുക അടവാക്കിയിരിക്കുന്നു. നഗരസഭാ പരിധിയിലുള്ള മുഴുവൻ വിളക്കുകൾക്കും വാർഷിക നിരക്ക് നിശ്ചയിക്കുമ്പോൾ ഗ്യാരന്റി ഉള്ള ലൈറ്റുകളും ഇതിൽ ഉൾപ്പെടുന്നുണ്ടോ എന്നതും നിലവിലെ അവസ്ഥയിൽ നിരീക്ഷിക്കാൻ കഴിയുന്നില്ല.

2.നഗരസഭയുടെ തനത് ഫണ്ട് കുറഞ്ഞ് വരുന്ന സാഹചര്യത്തിൽ അറ്റകുറ്റപ്പണി ചെയ്ത തെരുവ് വിളക്കുകൾക്ക് മാത്രം തുക അനുവദിക്കുന്ന രീതിയിൽ നഗരസഭ കരാറുകാരനുമായി കരാറിലേർപ്പെട്ടില്ല. വൻതുക യാണ് ഇത്തരത്തിൽ തനത് ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് നഷ്ടമായത്. ഇപ്രകാരം കരാറുകാരന് തുക നൽകുന്നത് തനത് ഫണ്ട് ചോർച്ചയ്ക്കുള്ള പ്രധാനകാരണമായി ഓഡിറ്റ് വിലയിരുത്തുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/18-01-22) മറുപടി ലഭ്യമാക്കിയില്ല. വഴിവിളക്കുകളുടെ കൃത്യമായ എണ്ണം ,ഇനം എന്നിവ കണക്കാക്കി അറ്റകുറ്റപ്പണി ചെയ്ത തെരുവ് വിളക്കുകൾക്ക് മാത്രം കരാറുകാരന് തുക അനുവദിക്കുന്ന രീതിയിൽ കരാറിലേർപ്പെടാൻ തുടർവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-21 വാട്ടർ ടാപ്പുകളുടെ വെള്ളക്കരം - ഉപയോഗശൂന്യമായ ടാപ്പുകളുടെ വാട്ടർ ചാർജ് അടവാക്കുന്നു

| | |
|---|---|
| പ്രോജക്ട് നം | 73/20 , വെള്ളക്കരം അടവാക്കൽ |
| നിർവ്വഹണം | സെക്രട്ടറി |
| ചെലവ് | 67,461 (MG(NR)) |
| ബിൽ | 04/13-05-19, 07/01-06-19, 21/10-10-19 |
| ഫയൽ നം | PW3(PW2)549/05 |

ഒരു വാട്ടർടാപ്പിന് 7884 രൂപ വാർഷിക നിരക്കിൽ 34 വാട്ടർടാപ്പുകളുടെ വാട്ടർചാർജ് അടവാക്കുന്നതാണ് പ്രോജക്ട്. ഫയൽ പരിശോധിച്ചതിൽ 05/19 ൽ നഗരസഭയിൽ നിന്നും വാട്ടർടാപ്പുകളുടെ പരിശോധന നടത്തിയപ്പോൾ 18 എണ്ണം മാത്രമാണ് ഉപയോഗയോഗ്യമായി കാണപ്പെട്ടത്. 05/19 ൽ സംയുക്ത പരിശോധന നടത്താൻ വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകാൻ തീരുമാനിച്ചെങ്കിലും തുടർനടപടി സ്വീകരിച്ചു കാണുന്നില്ല. തുടർന്നും 34 വാട്ടർടാപ്പുകളുടെ വാട്ടർചാർജ് ആണ് അടവാക്കി വരുന്നത് . 20-21 ൽ 32 വാട്ടർടാപ്പുകളുടെ വാട്ടർചാർജും മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)ൽ നിന്നും അടവാക്കി . സംയുക്ത പരിശോധന നടത്താൻ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16 / 20.01.22) മറുപടി ലഭ്യമാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി ഉപയോഗിക്കുന്ന ടാപ്പുകളുടെ എണ്ണം കൃത്യമായി നിർണ്ണയിക്കേണ്ടതും ആയതിനു മാത്രമുള്ള വെള്ളക്കരം അടവാക്കാനും ഫണ്ടിന്റെ പാഴ് ചെലവ് തടയാനും നഗരസഭ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-22 തനത് ഫണ്ടിൽ നിന്ന് അനുവദിച്ച മുൻകൂറുകൾ ക്രമീകരിക്കണം

2019-20 വർഷം നഗരസഭയിൽ അനുവദിച്ച എല്ലാ മുൻകൂറുകളുടെയും വിശദാംശങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. പല അഡ്വാൻസ് തുകകളും ക്രമീകരിച്ചതിന്റെ വിവരങ്ങൾ വൗച്ചറിനൊപ്പം ലഭ്യമാക്കിയിട്ടില്ല. ക്രമീകരിക്കാത്ത മുൻകൂറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം/ ഫയൽ നം | മുൻകൂറിന്റെ വിവരം | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 48/4-19 , H3-3259/19 | നഗരസഭ കംഫർട്ട് സ്റ്റേഷൻ ഉപയോഗയോഗ്യമാക്കിയതിന് ശ്രീ.രഞ്ജിത്ത് ബി , JHI യ്ക്ക് നൽകിയ തുക | 25000 + 3500 | 14250 രൂപ ക്രമീകരിച്ച വിവരമേ വൗച്ചറിൽ ചേർത്തിട്ടുള്ളൂ. |
| 2 | 50/4-19 , | വനിതാ ജീവനക്കാരുടെ ടോയ് | 5000 | ക്രമീകരിച്ച വിവരം |

| | | | | |
|---|---|---|---|---|
| | PW3-4985/19 | ലറ്റ് മെയിന്റനൻസിന് , AE ശ്രീ.സുദീപ് എ.എസി ന് നൽകിയ തുക | | ലഭ്യമായില്ല. രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല |
| 3 | PW3-13122/19, | 26-ാം വാർഡ് പുത്തൻപള്ളിക്കുന്ന കുടിവെള്ള പദ്ധതി- സ്ഥലം രജിസ്ട്രേഷൻ - AE ശ്രീ.എസ് രാജേന്ദ്രന് നൽകിയ തുക | 7650 | ക്രമീകരിച്ച വിവരം വൗച്ചറിനൊപ്പം ചേർത്തിട്ടില്ല. രജിസ്റ്ററിൽ ക്രമീകരിച്ചതായി ചേർത്തിരിക്കുന്നു. |
| 4 | 7/12-19 , H2-1596/15 & 55/12-19 | നഗരസൗന്ദര്യവത്കരണവുമായി ബന്ധപ്പെട്ട് ശ്രീ.രഞ്ജിത്ത് ബി , JHI യ്ക്ക് നൽകിയ മുൻകൂർ തുക | 6000 & 8000 | ക്രമീകരിച്ച വിവരം വൗച്ചറിനൊപ്പം ചേർത്തിട്ടില്ല. വിശദാംശങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 5 | 63/12-19 , H2-9538/14 | ജനറേറ്റർ അറ്റകുറ്റപ്പണി ചെയ്യാൻ ശ്രീ.ഷാജി റ്റി.ഡി , സീനിയർക്ലർക്കിന് അനുവദിച്ച തുക | 6000 | ക്രമീകരിച്ച വിവരം വൗച്ചറിനൊപ്പം ചേർത്തിട്ടില്ല. വിശദാംശങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 6 | 21/02-20 , R3-3079/02 | നഗരസഭാ ക്വാർട്ടേഴ്സ് നം. 2 ലെ KSEB മീറ്റർ മാറ്റിവയ്ക്കൽ - TGO ശ്രീ.എബി ജോൺസിന് അനുവദിച്ച തുക | 1500 | ക്രമീകരിച്ച വിവരം വൗച്ചറിനൊപ്പം ചേർത്തിട്ടില്ല. |
| 7 | 49/03-20 , G2-15782/18 | സെൻസസ് 2021 – ഹാൻഡ് ലിംഗ് ചാർജ് ഇനത്തിൽ ശ്രീ. അർജ്ജുൻ സജീവിന്അനുവദിച്ച തുക | 10000 | ക്രമീകരിച്ച വിവരം രജിസ്റ്ററിൽ ചേർത്തിട്ടില്ല. |
| 8 | 90/03-20 , H5-4271/20 | കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ സാധനങ്ങൾ വാങ്ങൽ – ശ്രീമതി സോണി മോൾ ഇ.പി , JHI യ്ക്ക് നൽകിയ തുക | 50000 | ക്രമീകരിച്ച വിവരം വൗച്ചറിനൊപ്പം ചേർത്തിട്ടില്ല. വിശദാംശങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| | | ആകെ | 108400 | |

മേൽപ്പറഞ്ഞ അഡ്വാൻസ് തുകകൾ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(13/19.01.22) യ്ക്ക് മറുപടി ലഭ്യമായില്ല. കേരള ഫിനാൻഷ്യൽ കോഡ് Vol I ആർട്ടിക്കിൾ 99 പ്രകാരം മൂന്ന് മാസത്തിനകം മുൻകൂർ ക്രമീകരിക്കേണ്ടതാണ്. ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ 108400 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 നിരീക്ഷണക്യാമറകൾ പ്രവർത്തനരഹിതം-കരാറുകാരന് അധികം തുക നൽകി

| | |
|---|---|
| പ്രൊജക്റ്റ് നം &പേര് | 283/2020വെയ്സ്റ്റ് നിരീക്ഷണ ക്യാമറ-സ്ഥാപിക്കൽ |
| അടങ്കൽ | 840443/-(CFC ) |
| ചെലവ് | 838025(ബിൽ നം 8/6-6-19) |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ |
| ഫയൽ നം | H2-8246/17 |

ബിൽ തുക നൽകിയതിൽ അപാകത

പാലാ നഗരത്തിലെ വിവിധസ്ഥലങ്ങളിലെ മാലിന്യനീക്കം നിരീക്ഷിക്കുന്നതിനായി 15ക്യാമറകൾ സ്ഥാപിക്കുന്നതിനായി ഇടെൻഡർ ക്ഷണിച്ചതിൽ 14,97,729/- നിരക്ക് ക്വാട്ട് ചെയ്ത G10എഞ്ചിനീയറിങ്ങ് PVTLtd എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ചിരുന്നു. ക്യാമറകൾ സ്ഥാപിച്ചതിന് G10എഞ്ചിനീയറിങ്ങ് എന്ന സ്ഥാപനത്തിന് 2018-19 വർഷം 6,59,557/- രൂപയും 2019-20 വർഷം Proj No 283/20 പ്രകാരം 8,38,025/-രൂപയും ഉൾപ്പടെ 14,97,582/-രൂപ നൽകിയിരുന്നു. സ്ഥാപനം ലഭ്യമാക്കിയ ടാക്സ് ഇൻവോയിസ് പ്രകാരം നൽകാവുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ആദ്യബില്ലായ G10C/001/4-4-18 പ്രകാരം നൽകാവുന്ന തുക= 10,61,896/-

2. രണ്ടാമത്തെ ബില്ലായ G10C/054/13-3-19 നം ബില്ലിൽ ക്രമനം 1,2,5,6,8 എന്നിവ ആദ്യബില്ലിൽ(G10C/001/4-4-18) യഥാക്രമം 10,14, 12,5,6 ക്രമനമ്പരിൽ ഉൾപ്പെട്ടവയായതിനാൽ ഇരട്ടിപ്പ് വന്നിട്ടുണ്ട്.
ഇരട്ടിപ്പ് വന്ന ഇനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ഇനം | ഇൻവോയിസ് നംGIOC/001 /04.04.2018 | | ഇൻവോയിസ് നംGIOC/054 /13.03.2019 | |
|---|---|---|---|---|---|
| | | ക്രമ നം. | തുക | ക്രമ നം. | തുക |
| 1 | SFp Media Converter (17 Nos.) | 10 | 86003 | 1 | 86003 |
| 2 | Panasonic Display (2Nos) | 14 | 88000 | 2 | 88000 |
| 3 | Finolex SM Uni Tube MMAX6F 3700mtre | 12 | 259000 | 5 | 259000 |
| 4 | Unicorn Power Strip (13 Nos.) | 5 | 11180 | 6 | 11180 |
| 5 | RJ 45(100Nos) | 6 | 4000 | 8 | 4000 |

രണ്ടാമത്തെ ബിൽപ്രകാരം അനുവദിക്കാവുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബില്ലിലെ ക്രമനം | ഇനം | എണ്ണം | തുക |
|---|---|---|---|
| 3 | GI Pole And Pole Errection | 13 | 195000 |
| 4 | Metal Box | 13 | 56550 |
| 7 | PVC Conduit | 100mtr | 3000 |
| | Total | | 254550 |
| | GST(18%) | | 45819 |
| | Total With GST | | 300369 |

രണ്ടു ബില്ലുകളിൽ നിന്നുമായി ആകെ അനുവദിക്കാവുന്ന തുക =10,61,896+300369 =13,62,265/-

അനുവദിച്ച തുക = 14,97,582/-രൂപ

അധികം നൽകിയ തുക = 1,35,317

മറ്റ് അപാകതകൾ

- ബിൽ തുകയിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്യേണ്ട TDS (2%) ആയി 29951/- രൂപ ഈടാക്കിയിരുന്നില്ല.
- പദ്ധതി മാർഗരേഖ പ്രകാരം അനുമതിയില്ലാത്ത പ്രസ്തുത പ്രൊജക്റ്റ് പാലാ നഗരസഭയിൽ നടപ്പാക്കുന്നതിന്

പ്രത്യേകാനുമതി ലഭിച്ചിരുന്നില്ല

- ക്യാമറകളുടെ സ്പെസിഫിക്കേഷൻ സംബന്ധിച്ച് പിഡബ്ല്യുഡി ഇലക്ട്രോണിക്സ് വിഭാഗത്തിൽ നിന്നും ഫീസിബിലിറ്റി സർട്ടിഫിക്കേറ്റ് ലഭ്യമാക്കിയിരുന്നില്ല.
- പാല SHO യുടെ 18-10-21 ലെ കത്ത് പ്രകാരം നഗരസഭയുടെ വിവിധസ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന നിരീക്ഷണക്യാമറകളും സ്റ്റേഷനിൽ സ്ഥാപിച്ചിരിക്കുന്ന മോണിറ്ററുകളും പ്രവർത്തനരഹിതമാണെന്ന് അറിയിച്ചിട്ടുണ്ട്. ആരോഗ്യകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റിയുടെ 29-12-21 ലെ യോഗത്തിൽ പ്രസ്തുത വിഷയം പരിഗണിക്കുകയും 15-10-21ൽ സ്ഥാപനം സമർപ്പിച്ച 53808/-രൂപയുടെ ക്യാമറകൾ റിപ്പയർ ചെയ്യുന്നതിനായുള്ള ക്വട്ടേഷൻ പരിഗണിക്കുകയും ചെയ്തിരുന്നു. 15 ദിവസത്തിനകം സ്ഥാപനം നടപടി സ്വീകരിക്കാത്തപക്ഷം റിപ്പയർ ചെയ്യുന്നതിന് മറ്റ് അംഗീകൃത ഏജൻസികൾക്ക് നൽകുന്നതിന് സ്റ്റാൻഡിങ്ങ്കമ്മറ്റി തീരുമാനമെടുത്തിരുന്നു. എന്നാൽ തുടർ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല.

അധികമായി ബിൽ തുക നൽകാനിടയായതും ക്യാമറ പ്രവർത്തനക്ഷമമാക്കാൻ സ്വീകരിച്ച നടപടികളും വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 9)മറുപടി ലഭ്യമായിരുന്നില്ല. അധികമായി നൽകിയ തുകയായ 1,35,317/-രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ (ഹെൽത്ത് സൂപ്പർ വൈസർ) നിന്നോ ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

മറ്റ് അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാത്തതിനാലും ക്യാമറ പ്രവർത്തനക്ഷമമാക്കത്തതിനാലും തൻവർഷം ചെലവഴിച്ച തുകയിൽ നിരാകരിച്ച തുക ഒഴികെയുള്ള 702708/-രൂപ (8,38,025-1,35,317) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 സ്പോർട്സ് ഉപകരണങ്ങൾ വാങ്ങൽ- ടെൻഡർ അംഗീകരിച്ച പ്രൊജക്റ്റ് നടപ്പാക്കാതെ ഉപേക്ഷിച്ചു

നഗരസഭയിൽ 2019-20 വർഷം 235/20 നമ്പരായി സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനായി പ്രൊജക്റ്റ് തയ്യാറാക്കിയിരുന്നു. വാങ്ങലിനായി ടെൻഡർ ക്ഷണിക്കുകയും നഗരസഭാകൗൺസിലിന്റെ 19-3-20ലെ 7-ാം നമ്പർ തീരുമാനപ്രകാരം കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത Take Of Sports എന്ന സ്ഥാപനത്തിന്റെ 1,97,000/-രൂപയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിരുന്നു. ടെൻഡർ പരസ്യം നൽകിയ ഇനത്തിൽ മംഗളം ദിനപത്രത്തിന് 8746/-രൂപ നൽകുകയും ചെയ്തിരുന്നു. എന്നാൽ പ്രൊജക്റ്റ് നടപ്പാക്കിയില്ല. പ്രൊജക്റ്റ് രൂപീകരണത്തിന് സമയവും മനുഷ്യപ്രയത്നവും തനത് ഫണ്ടിൽ നിന്നും തുകയും ചെലവഴിച്ചിരുന്നുവെങ്കിലും പ്രൊജക്റ്റ് നടപ്പാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം10) മറുപടി ലഭ്യമായിരുന്നില്ല. നിർവ്വഹണഘട്ടം വരെയെത്തിയ പ്രൊജക്റ്റുകൾ നടപ്പാക്കുന്നതിൽ വിമുഖത കാണിക്കുന്നത് ശരിയായ പ്രവണതയല്ല. ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. തൃപ്തികരമായ മറുപടി ലഭ്യമാക്കാത്തപക്ഷം പരസ്യ ഇനത്തിൽ നൽകിയ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-25 എബിസി പ്രോഗ്രാം- വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല

- ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായി നഗരസഭാപരിധിയിലുള്ള തെരുവുനായ്ക്കൾക്ക് വന്ധ്യംകരണം നടത്തുന്നതിനായി കുടുംബശ്രീ ജില്ലാമിഷന് 3,00,000/-രൂപ (ProjNo76/20) നൽകിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കി കുടുംബശ്രീ ജില്ലാമിഷനിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിരുന്നില്ല .
- പ്രവൃത്തി നിരീക്ഷിക്കുന്നതിനായി മോണിറ്ററിങ്ങ് കമ്മറ്റി രൂപീകരിച്ചിരുന്നുവെങ്കിലും കമ്മറ്റി റിപ്പോർട്ട് ഫയലില്ല.
- സുലേഖ ചെലവ് പത്രിക പ്രകാരം 3,00,000/- രൂപ വികസനഫണ്ടിൽ നിന്നും പ്രസ്തുത പ്രൊജക്റ്റിനായി ചെലവഴിച്ചതായി ഉൾപ്പെടുത്തിയിട്ടുണ്ട്. (ബിൽനം.134/26.10.2019 സാംഖ്യ ACR )

മേൽവിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം10)മറുപടി ലഭ്യമാക്കിയിരുന്നില്ല. വിനിയോഗസാക്ഷ്യപത്രം, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടതാണ്. അപാകതയുടെ അടിസ്ഥാനത്തിൽ മേൽ പ്രോജക്ടിനായുള്ള 300000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 കന്നുകുട്ടി പരിപാലനപദ്ധതി - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നം.<br>നിർവ്വഹണോദ്യോഗസ്ഥൻ | 192/20<br>വെറ്ററിനറി സർജൻ |
| ചെലവ് | 337,500/-രൂപ<br>(വികസനഫണ്ട്) |

| | |
|---|---|
| ബിൽനം | 2/06.02.2020,<br>07/20.02.20) |

പ്രോജക്ടിലുൾപ്പെട്ട 27ഗുണഭോക്താക്കളുടെ 4-6 മാസം വരെയുള്ള കിടാക്കൾക്ക് 32 മാസം വരെയോ, പ്രസവം വരെയോ 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്. പ്രോജക്ടിന്റെ നഗരസഭ വിഹിതം 12500രൂപ വീതം 337,500/-രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ അക്കൗണ്ടിലേയ്ക്ക് (A/c No-70801140000050) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. പാല ക്ഷീരോല്പാദക സഹകരണസംഘം ക്ലിപ്തം നം കെ-90,(മിൽക്ക് ബാർ) മുഖേനയാണ് കാലിത്തീറ്റ വിതരണം നടത്തുന്നത്. സഹകരണസംഘത്തിന്റെ വ്യക്തിഗത നാൾവഴി പരിശോധിച്ചതിൽ ഷാന്റി വിനോദ്, കോട്ടായിൽ എന്ന ഗുണഭോക്താവ് 4/20ന് ശേഷം കാലിത്തീറ്റ വാങ്ങിയതായി കാണുന്നില്ല. കാലിത്തീറ്റ വാങ്ങാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-2/20) കിടാവ് മരണപ്പെട്ടതിനാൽ പദ്ധതിയിൽ നിന്ന് ഗുണഭോക്താവിനെ ഒഴിവാക്കിയതായി മറുപടി ലഭ്യമാക്കി. പരാമർശിച്ചിട്ടുള്ള ഗുണഭോക്താവിന് അനുവദിച്ചിട്ടുള്ള സബ്സിഡി തുക തിരികെ സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-27 അനുമതി ഇല്ലാതെ എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി ചെയ്ത പ്രവൃത്തിക്ക് തുക നല്കി

| | |
|---|---|
| പ്രോജക്ട് / നമ്പർ<br>നിർവ്വഹണോദ്യോഗസ്ഥൻ-<br>അസി.എഞ്ചിനീയർ | 290/2019, 254/2020<br>മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂഫ് മെയിന്റനൻസ്, |
| അടങ്കൽ | 1475000/-(വികസന ഫണ്ട്,ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ആകെ | 1475000 |
| കരാറുകാരൻ | ബേബി ലൂക്കാ |
| കരാർ തുക | 1377075.54 |
| കരാർ നം / തീ | 154/18-19 തീ 7-1-2019 |
| സെലക്ഷൻ നോട്ടീസ് | പി ഡബ്ള്യു 1-15083/18 തീ 23/12/2018 |
| ചെലവ് വിവരം | 1307261/-(ബിൽ നം തീ 17/17-6-2019) |

പ്രവൃത്തിക്ക് ലഭിച്ച സാങ്കേതിക അനുമതി പ്രകാരം എസ്റ്റിമേറ്റ് ഇനം 1 ൽ 398.38 മീറ്റർ നീളം 96x48 ജി ഐ പൈപ്പ് (1844.509 കി ഗ്രാം ) ഉപയോഗിച്ചുള്ള ട്രസ് വർക്ക് ഉൾപ്പെട്ടിരുന്നു. 1 മീറ്ററിന് 4.63 കി ഗ്രാം വരുന്ന പൈപ്പ് ഉപയോഗിക്കുന്നതിനാണ് സാങ്കേതിക അനുമതി ലഭിച്ചിട്ടുള്ളത്. നിർവ്വഹണ സമയത്ത് സാങ്കേതിക അനുമതി ലഭിച്ചതിൽ നിന്നും വ്യത്യസ്തമായി 435.05 മീറ്റർ പൈപ്പ് (96x48x2.5 Mm പൈപ്പ് 1 മീറ്ററിന് 5.333 കി ഗ്രാം) ഉപയോഗിച്ചതായാണ് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് (2320.12കി ഗ്രാം). സാങ്കേതിക അനുമതി ലഭിച്ചതിൽ നിന്നും വ്യത്യസ്തമായി പ്രവൃത്തി നിർവ്വഹിച്ചതിന് കാരണം രേഖപ്പെടുത്തിയിട്ടില്ല. സാങ്കേതിക അനുമതി ലഭിച്ച പൈപ്പാണ് ഉപയോഗിച്ചിരുന്നതെങ്കിൽ 2014.28 കി ഗ്രാം ആണ് ഉണ്ടാകുക (435.05x4.63=2014.28). അനുമതിയിൽ നിന്നും വ്യത്യസ്തമായി നിർവ്വഹണം നടത്തിയതിലൂടെ 305.84 കി ഗ്രാം അധിക പൈപ്പും (2320.12-2014.28) ഇതിനായി 41230/-രൂപയുടെ അധികച്ചെലവും (305.84x134.81) ഉണ്ടായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. സാങ്കേതിക അനുമതി ലഭിച്ച സാധനങ്ങൾ ഉപയോഗിച്ചാണ് പ്രവൃത്തി നിർവ്വഹണം നടത്തുന്നത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

1-28 നിയമാനുസൃതമുള്ള പിഴ തുക ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ട് / നമ്പർ<br>നിർവ്വഹണോദ്യോഗസ്ഥൻ-<br>അസി.എഞ്ചിനീയർ | 200/2019, 261/2020<br>മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് റൂഫിംഗ് ഇംപ്രൂവ്മെന്റ് സ്റ്റേജ് - 2, |

| | |
|---|---|
| അടങ്കൽ | 1377076/-(വികസന ഫണ്ട് , ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| കരാറുകാരൻ | ഷെബിൻ സെബാസ്റ്റ്യൻ |
| കരാർ തുക | 1371031.54 |
| കരാർ നം / തീ | 147/18-19 തീ 18-12-2018 |
| സെലക്ഷൻ നോട്ടീസ് | പി ഡബ്ള്യൂ 1-15108/18 തീ 23/11/2018 |
| ചെലവ് വിവരം | 886798/- (2018-19), 191134/- ( ബിൽ നം തീ 15/11-6-2019) |

ഈ പ്രവൃത്തിയുടെ കരാർ വ്യവസ്ഥ 32 പ്രകാരം 28/2/2019 കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ട്. വ്യവസ്ഥ 7 പ്രകാരം നിശ്ചിത കാലാവധിയുടെ 20% പിഴയില്ലാതെയും തുർന്ന വരുന്ന 3 മാസം 1% പിഴയീടാക്കിയും കാലാവധി നീട്ടീ വാങ്ങാവുന്നതാണ് . എന്നാൽ കരാറുകാരൻ സമയപരിധി പാലിക്കാതെ 6/11/2019 ലാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. സമയപരിധി പാലിക്കാത്തതിന് ഫൈനൽ ബിൽ തുകയുടെ 3% ആയ 5734/- രൂപ കരാറുകാരനിൽ നിന്നും പിഴ ഈടാക്കി തനത് ഫണ്ടിൽ അടച്ചിട്ടുണ്ട്. എന്നാൽ കരാർ വ്യവസ്ഥ 7 പ്രകാരം പിഴ ഈടാക്കേണ്ടത് കരാർതുകയുടെ അടിസ്ഥാനത്തിലാണ്. ഇതുപ്രകാരം കരാർ തുകയായ 1371031.54 രൂപയുടെ 3% ആയ 41131/- രൂപയാണ് പിഴയായി ഈടാക്കേണ്ടിയിരുന്നത്. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. നിയമാനുസൃതമായി ഈടാക്കേണ്ടതിൽ കുറവുവന്ന തുക കരാറുകാരനിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഈടാക്കി നഗരസഭാ ഫണ്ടിൽ അടക്കേണ്ടതാണ്.

1-29 ഡെപ്പോസിറ്റ് വർക്കിനായി ചെലവഴിച്ച തുകകളുടെ വിവരം

വിവിധ പ്രോജക്ടുകളിലായി വിവിധ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുടിവെള്ളത്തിന് കുഴൽകിണർ നിർമ്മാണം (പ്രോജക്റ്റ് നം.237/20) | 50000 | 0 | 50000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | എംജിജിഎച്ച് എച്ച് എസ് സ്കൂളിന് കുഴൽകിണർ നിർമ്മാണം (പ്രോജക്റ്റ് നം.351/20) | 45000 | 0 | 45000 |
| കേരള വാട്ടർ അതോറിറ്റി | പൂതകുന്ന് കുടിവെള്ള പദ്ധതി (പ്രോജക്റ്റ് നം.203/20) | 1000000 | 0 | 1000000 |
| ആകെ | | | | 1095000 |

മേൽ പ്രോജക്ടുകളുടെ വിനിയോഗവിവരം നാളിതുവരെ ലഭ്യമായിട്ടില്ല. വാർഷിക കണക്കിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമല്ലാത്തതിനാൽ ഈ ഇനത്തിൽ നിക്ഷേപിച്ചിട്ടുള്ള 1095000/- രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 നിരീക്ഷണ ക്യാമറകൾ പ്രവർത്തന രഹിതം-കരാറുകാരന് അധികം തുക നൽകി

| | |
|---|---|
| പ്രൊജക്റ്റ് നം &പേര് | 283/2020വെയ്സ്റ്റ് നിരീക്ഷണ ക്യാമറ-സ്ഥാപിക്കൽ |
| അടങ്കൽ | 840443/-(CFC ) |
| ചെലവ് | 838025(ബിൽ നം 8/6-6-19) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർവൈസർ |
| ഫയൽ നം | H2-8246/17 |

ബിൽ തുക നൽകിയതിൽ അപാകത

പാലാ നഗരത്തിലെ വിവിധസ്ഥലങ്ങളിലെ മാലിന്യനീക്കം നിരീക്ഷിക്കുന്നതിനായി 15ക്യാമറകൾ സ്ഥാപിക്കുന്നതിനായി ഇടെൻഡർ ക്ഷണിച്ചതിൽ 14,97,729/- നിരക്ക് ക്വാട്ട് ചെയ്ത G10എഞ്ചിനീയറിങ്ങ് PVTLtd എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ചിരുന്നു. ക്യാമറകൾ സ്ഥാപിച്ചതിന് G10എഞ്ചിനീയറിങ്ങ് എന്ന സ്ഥാപനത്തിന് 2018-19 വർഷം 6,59,557/- രൂപയും 2019-20 വർഷം Proj No 283/20 പ്രകാരം 8,38,025/-രൂപയും ഉൾപ്പടെ 14,97,582/-രൂപ നൽകിയിരുന്നു. സ്ഥാപനം ലഭ്യമാക്കിയ ടാക്സ് ഇൻവോയിസ് പ്രകാരം നൽകാവുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ആദ്യബില്ലായ G10C/001/4-4-18 പ്രകാരം നൽകാവുന്ന തുക= 10,61,896/-

2. രണ്ടാമത്തെ ബില്ലായ G10C/054/13-3-19 നം ബില്ലിൽ ക്രമനം 1,2,5,6,8 എന്നിവ ആദ്യബില്ലിൽ(G10C/001/4-4-18) യഥാക്രമം 10,14, 12,5,6 ക്രമനമ്പരിൽ ഉൾപ്പെട്ടവയായതിനാൽ ഇരട്ടിപ്പ് വന്നിട്ടുണ്ട്.
ഇരട്ടിപ്പ് വന്ന ഇനങ്ങളുടെ വിഷദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഇൻവോയിസ് നംGIOC/001 /04.04.2018 | | ഇൻവോയിസ് നംGIOC/054 /13.03.2019 | |
|---|---|---|---|---|
| SFp Media Converter (17 Nos.) | ക്രമ നം. | തുക | ക്രമ നം. | തുക |
| | 10 | 86003 | 1 | 86003 |
| Panasonic Display (2Nos) | 14 | 88000 | 2 | 88000 |
| Finolex SM Uni Tube MMAX6F 3700mtre | 12 | 259000 | 5 | 259000 |
| Unicorn Power Strip (13 Nos.) | 5 | 11180 | 6 | 11180 |
| RJ 45(100Nos) | 6 | 4000 | 8 | 4000 |

രണ്ടാമത്തെ ബിൽപ്രകാരം അനുവദിക്കാവുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബില്ലിലെ ക്രമനം | ഇനം | എണ്ണം | തുക |
|---|---|---|---|
| 3 | GI Pole And Pole Errection | 13 | 195000 |
| 4 | Metal Box | 13 | 56550 |
| 7 | PVC Conduit | 100mtr | 3000 |
| | Total | | 254550 |
| | GST(18%) | | 45819 |
| | Total With GST | | 300369 |

രണ്ടു ബില്ലുകളിൽ നിന്നുമായി ആകെ അനുവദിക്കാവുന്ന തുക =10,61,896+300369 =13,62,265/-

അനുവദിച്ച തുക = 14,97,582/-രൂപ

അധികം നൽകിയ തുക = 1,35,317

മറ്റ് അപാകതകൾ

- ബിൽ തുകയിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്യേണ്ട TDS (2%) ആയി 29951/- രൂപ ഈടാക്കിയിരുന്നില്ല.
- പദ്ധതി മാർഗരേഖ പ്രകാരം അനുമതിയില്ലാത്ത പ്രസ്തുത പ്രൊജക്റ്റ് പാലാ നഗരസഭയിൽ നടപ്പാക്കുന്നതിന് പ്രത്യേകാനുമതി ലഭിച്ചിരുന്നില്ല
- ക്യാമറകളുടെ സ്പെസിഫിക്കേഷൻ സംബന്ധിച്ച് പിഡബ്ല്യഡി ഇലക്ട്രോണിക്സ് വിഭാഗത്തിൽ നിന്നും ഫീസിബിളിറ്റി സർട്ടിഫിക്കേറ്റ് ലഭ്യമാക്കിയിരുന്നില്ല.
- പാല SHO യുടെ 18-10-21 ലെ കത്ത് പ്രകാരം നഗരസഭയുടെ വിവിധസ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന നിരീക്ഷണക്യാമറകളും സ്റ്റേഷനിൽ സ്ഥാപിച്ചിരിക്കുന്ന മോണിറ്ററുകളും പ്രവർത്തനരഹിതമാണെന്ന് അറിയിച്ചിട്ടുണ്ട്. ആരോഗ്യകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റിയുടെ 29-12-21 ലെ യോഗത്തിൽ പ്രസ്തുത വിഷയം പരിഗണിക്കുകയും 15-10-21ൽ സ്ഥാപനം സമർപ്പിച്ച 53808/-രൂപയുടെ ക്യാമറകൾ റിപ്പയർ ചെയ്യുന്നതിനായുള്ള ക്വട്ടേഷൻ പരിഗണിക്കുകയും ചെയ്തിരുന്നു. 15 ദിവസത്തിനകം സ്ഥാപനം നടപടി സ്വീകരിക്കാത്തപക്ഷം റിപ്പയർ ചെയ്യുന്നതിന് മറ്റ് അംഗീകൃത ഏജൻസികൾക്ക് നൽകുന്നതിന് സ്റ്റാൻഡിങ്ങ്കമ്മറ്റി തീരുമാനമെടുത്തിരുന്നു. എന്നാൽ തുടർ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല.

അധികമായി ബിൽ തുക നൽകാനിടയായതും ക്യാമറ പ്രവർത്തനക്ഷമമാക്കാൻ സ്വീകരിച്ച നടപടികളും വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 9)മറുപടി ലഭ്യമായിരുന്നില്ല. അധികമായി നൽകിയ തുകയായ 1,35,317/-രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ (ഹെൽത്ത് സൂപ്പർ വൈസർ) നിന്നോ ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിശദാംശങ്ങൾ

പാലാ നഗരസഭയുടെ 2019-20 വാർഷിക ധനകാര്യപത്രിക നഗരസഭാ കൗൺസിൽ 25/08/2020-ലെ 1ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 12/1/2022, 13/1/2022 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രോജക്റ്റിനായി ചെലവഴിച്ച തുകയുടെ വിവരം

2019-20 ൽ സംയുക്ത പ്രോജക്റ്റിനായി തുക ചെലവഴിച്ചിട്ടില്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനായി ചെലവഴിച്ച തുകകളുടെ വിവരം.

വിവിധ പ്രോജക്റ്റുകളിലായി വിവിധ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുടിവെള്ളത്തിന് കുഴൽകിണർ നിർമ്മാണം (പ്രോജക്ട് നം.237/20) | 50000 | 0 | 50000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | എംജിജിഎച്ച് എച്ച് എസ് സ്കൂളിന് കുഴൽകിണർ നിർമ്മാണം(പ്രോജക്ട് നം.351/20) | 45000 | 0 | 45000 |
| കേരള വാട്ടർ അതോറിറ്റി | പൂതകുന്ന് കുടിവെള്ള പദ്ധതി (പ്രോജക്ട് നം.203/20) | 1000000 | 0 | 1000000 |
| ആകെ | | | | 1095000 |

മേൽ പ്രോജക്ടുകളുടെ വിനിയോഗവിവരം നാളിതുവരെ ലഭ്യമായിട്ടില്ല.വാർഷിക കണക്കിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല .

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം .

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-5 വായ്പാ / വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| തെക്കേക്കര ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | KURDFC/ ULB- 363/13/ 19.03.13 | 45000000 | | 0 | | | |
| കൊട്ടാരമറ്റം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | | 59094000 | 23346746 | 23344382 | 8278476 | 1513539 | 38412652 |
| മൂന്നാനി ലോയേഴ്സ് ചേംബർ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | KURDFC/ ULB- 363/13/ 19.03.13 | | | | | | |
| പിഎംഎ വൈ-ഭവന നിർമ്മാണം | ജി ഓ (എം എസ്)34/18 /16.03.2018 ജി ഒ (എം എസ്)110/18 /13.08.2018 | 4000000 | 400000 | | | | 400000 |
| ദേശീയ ചേരി നിർമ്മാർജ്ജനം | സ.ഉ(എംഎസ്) എ1-8326/99 | 383000 | 383000 | | | | 383000 |

| | | | | | | |
|---|---|---|---|---|---|---|
| | /23.03.2001 | | | | | |

KURDFC വായ്പ/വായ്പാ തിരിച്ചടവ് വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. രജിസ്റ്ററിന്റെ അഭാവത്തിൽ പി എം എ വൈ-ഭവനനിർമ്മാണം, ദേശീയ ചേരി നിർമ്മാർജ്ജനം എന്നീ വായ്പകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

## 4-6 സ്ഥിരനിക്ഷേപം

ഓഡിറ്റ് വർഷം നഗരസഭയുടെ സ്ഥിരനിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (2018-19 ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ളത്) | 1,77,25,801 |
| ആകെ | 1,77,25,801 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം(വാർഷിക കണക്ക് പ്രകാരമുള്ളത്) | 19785400 |

*പൂർണ്ണമായ കാലയളവിലെ ബാങ്ക് സ്റ്റേറ്റ്മെന്റ് , സ്ഥിരനിക്ഷേപ രജിസ്റ്റർ , FD സർട്ടിഫിക്കറ്റ് ( 15/06/2020 ൽ സ്ഥിരനിക്ഷേപം ക്ലോസ് ചെയ്തിരുന്നു ) എന്നിവയുടെ അഭാവത്തിൽ സ്ഥിരനിക്ഷേപത്തിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല . മുൻ വർഷ റിപ്പോർട്ടിൽ 14/8/2018 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് മാത്രമാണ് ലഭ്യമായതെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് ക്ലോസിംഗ് ബാലൻസ് എടുത്തിട്ടുള്ളതെന്നും സൂചിപ്പിച്ചിട്ടുണ്ട്. നിലവിലും 14/8/2018 ന ശേഷമുള്ള പൂർണമായ സ്റ്റേറ്റ്മെന്റ് വിശദാംശങ്ങൾ ലഭ്യമായിട്ടില്ലാത്തതിനാൽ പലിശയിനത്തിൽ ലഭിച്ച തുകയും പിൻവലിക്കൽ നടത്തിയിട്ടുണ്ടോയെന്നുള്ള വിവരങ്ങളും പരിശോധിക്കാൻ സാധിച്ചിട്ടില്ല. സ്ഥിര നിക്ഷേപം സംബന്ധിച്ച കൃത്യമായ കണക്കുകൾ തയ്യാറാക്കി തുടർ വർഷത്തെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷം വരവില്ല .നഗരസഭയിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി റിക്കവറിക്ക് ആധാരമായ ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക, ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും, ഒടുക്കിയ രസീത് നം./തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 2-4 | 2008-09 | 3-2-2 | ജനസേവന കേന്ദ്രം ഓഫീസ് കമ്പ്യൂട്ടർ വത്ക്കരണം ഭീമമായ തുക ഡിപിസി അംഗീകാരമില്ലാതെ ഐ.കെ.എം. ൽ നിക്ഷേപിച്ചു. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| | | 2011-12 | പ്രവർത്തനാവലോകനം ഖ.3.2.13 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| 1999-2000 മുതൽ 2000-01 വരെ | | 2003-04 | 6.4 | ഇൻഡോർ സ്റ്റേഡിയം നിർമ്മാണം പാഴ്ചെലവ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2015-16 | 3-1 | 2016-17 | 4.6.3 | മുനിസിപ്പൽ പാർക്ക് നിർമ്മാണം - അശാസ്ത്രീയമായ ധനവിനിയോഗവും പ്രവർത്തന കലണ്ടറിന്റെ അപര്യാപ്തതയും | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് / സർചാർജ്ജ് നടപടികളിൽ ഉൾപ്പെട്ട ഖണ്ഡികകൾ നിലവിൽ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : 203714422.53 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 184098842 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 135317 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 17403699/- |

(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക-നം. | നഷ്ടമായ തുക ചാർജ്ജ്-സർചാർജ്ജ് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 135317 | ശ്രീമതി.സുധാകുമാരി ആർ, ഹെൽത്ത് സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18-1 | 6900 | ശ്രീ.നവാസ് എം, സെക്രട്ടറി |
| 1-18-2 | 6337404 | ശ്രീ.പങ്കജാക്ഷൻ എസ്.കെ (സെക്രട്ടറി ഇൻ ചാർജ്ജ്) |
| 1-18-3 | 160428 | " |
| 1-18-4 | 121950 | " |
| 1-18-5 | 5218 | " |
| 1-18-6 | 211813 | " |
| 1-18-7 | 8031900 | " |

| | | |
|---|---|---|
| 1-18-8 | 288973 | ശ്രീ.മുഹമ്മദ് ഹ്വൈസ് എം, സെക്രട്ടറി |
| 1-18-9 | 12986 | ,, |
| 1-19 | 20019 | ,, |
| 1-22-1 | 14250 | ശ്രീ.നവാസ് എ, സെക്രട്ടറി |
| 1-22-2 | 5000 | ,, |
| 1-22-3 | 7650 | ,, |
| 1-22-4 | 14000 | ശ്രീ.മുഹമ്മദ് ഹ്വൈസ് എം, സെക്രട്ടറി |
| 1-22-5 | 6000 | ,, |
| 1-22-6 | 1500 | ,, |
| 1-22-7 | 10000 | ,, |
| 1-22-8 | 50000 | ,, |
| 1-23 | 702708 | ശ്രീമതി സുധാകുമാരി, ഹെൽത്ത് സൂപ്പർവൈസർ |
| 1-25 | 300000 | എം കെ മുകുന്ദൻ, ഹെൽത്ത് സൂപ്പർവൈസർ |
| 1-29-1 | 50000 | അജു ബി, മുനിസിപ്പൽ എഞ്ചിനീയർ |
| 1-29-2 | 45000 | ശ്രീ.എസ് രാജേന്ദ്രൻ മുനിസിപ്പൽ എഞ്ചിനീയർ |
| 1-29-3 | 1000000 | ശ്രീ.എസ് രാജേന്ദ്രൻ മുനിസിപ്പൽ എഞ്ചിനീയർ |
| ആകെ | 17403699 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരു ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സുധാകുമാരി ആർ, ഹെൽത്ത് സൂപ്പർവൈസർ | വിരമിച്ചു | ശിവശൈലം വെസ്റ്റ് ഫോർട്ട്, മാവേലിക്കര |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-01 | എൽ.എഫ്.കെ.(എം.എൽ)1027/99 | |

| | | |
|---|---|---|
| 1991-92 | എൽ.എഫ്.കെ.(എം.എൽ)713/96-2.8.97/7.11.97 | |
| 1992-93 | എൽ.എഫ്.കെ.(എം.എൽ)742/97/18.6.98/9.12.98 | |
| 1996-97 | എൽ.എഫ്.കെ.(എം.എൽ)1166/10/5.1.11 | |
| 1997-98 | എൽ.എഫ്.കെ.(എം.എൽ) 921/01/ 16.11.01 / 28.09.11 | |
| 1998-99 ചെലവ് | എൽ.എഫ്.കെ.(എം.എൽ)1282/01/9.4.02/7.10.02 | |
| 1999-00 | എൽ.എഫ്.കെ.(എം.എൽ)922/07/4.7.09 /8.9.09 | |
| 2000-01 | എൽ.എഫ്.കെ.പി.8/626 /15/15.4.16 | |
| 2001-02 | എൽ.എഫ്.കെ.പി.8/625 /15/03.12.15 | |
| 2002-03 ചെലവ് | എൽ.എഫ്.കെ.(എം.എൽ)264/06/22.7.08 /6.9.08 | |
| 2003-04 ചെലവ് | എൽ.എഫ്.കെ.പി 8/628/15 /3.12.15 | |
| 2003-04 വരവ് | എൽ.എഫ്.കെ.പി 8/620/15 /15.04.16 | |
| 2004-05 | എൽ.എഫ്.കെ.(എം.എൽ)924/07/4.7.09 /8.9.09 | |
| 2005-06 ചെലവ് | എൽ.എഫ്.കെ.(എം.എൽ)1260/10/16.07.11 | |
| 2005-06 വരവ് | എൽ.എഫ്.കെ.പി8/627 /15/10.08.15 | |
| 2006-07 | എൽ.എഫ്.കെ.(എം.എൽ)1319/10/07.01.11 | |
| 2007-08 | എൽ.എഫ്.കെ.(എം.എൽ)128/11/5.9.11 | |
| 2008-09 | എൽ.എഫ്.കെ.പി8/236 /11/14.3.12 | |
| 2009-10 | എൽ.എഫ്.കെ.പി8/1622 /11/20.4.12 | |
| 2010-11 | എൽ.എഫ്.കെ.പി8/7 /12/11.7.12 | |
| 2011-12 | എൽ.എഫ്.കെ.പി8/344 /13/31.5.13 | |

| | | |
|---|---|---|
| 2012-13 | എൽ.എഫ്.കെ.പി8/379 /15/4.6.15 | |
| 2013-14 | എൽ.എഫ്.കെ.പി8/769 /15/28.01.16 | |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി-8/872/16/08.02.17 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി-17/656/17/ 18.03.18/21.03.18 | 40 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി-17/1637/17/ 17.04.18 | 42 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി-17/192/19/ 30.08.19 | 50 |
| 2018-19 | നം.കെ.എസ്.എ-കെ.ടി.എം.പി.17/104/2020 /02.11.20 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്‌ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പാലാ മുൻസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പാലാ മുൻസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്